കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേളൂക്കര ഗ്രാമപഞ്ചായത്ത്
# 2017-18
## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ പി1-1777/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി:16.01.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

വേളൂക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേളൂക്കര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-5, 3-19 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ പി1-1777 /2018, തിയ്യതി : 16.01.19

# തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.9.2017 മുതൽ 6.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുനിൽകുമാർ.കെ.വി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8.10.2018 മുതൽ 17.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശിവൻ പി.എ | ഓഡിറ്റ് ഓഫീസർ ഹ.ഗ്രേഡ് |
| | ബിത ടി.എസ് | ഓഡിറ്റ് ഓഫീസർ |
| | സിനിലാൽ എം.ജി | അസി.ഓഡിറ്റ് ഓഫീസർ |
| | സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | സോന.കെ.സത്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ഇന്ദിര തിലകൻ | പ്രസിഡന്റ് | 1.04.2017 മുതൽ 31.03.2018 വരെ |
| കെ.എഫ്. ആൻറണി | സെക്രട്ടറി | 1.04.2017 മുതൽ 31.03.2018 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| രജനി. എം.കെ | അസിസ്റ്റൻറ് സെക്രട്ടറി | 1.04.2017 മുതൽ 31.03.2018 വരെ |
| സന്ധ്യ. ആർ | വി.ഇ.ഒ നടവരമ്പ് | 1.04.2017 മുതൽ 30.06.2017 വരെ |
| അനൂപ്. സി.എം | വി.ഇ.ഒ നടവരമ്പ് | 10.07.2017 മുതൽ 31.03.2018 വരെ |
| ബീന. പി.ബി | വി.ഇ.ഒ കൊറ്റനല്ലൂർ | 19.04.2017 മുതൽ 31.03.2018 വരെ |
| ശശീന്ദ്രൻ. കെ.എം. | അസി.എഞ്ചിനീയർ | 01.04.2017 മുതൽ 31.10.2017 വരെ |
| സിജോ പി.എസ് | അസി.എഞ്ചിനീയർ | 1.11.2017 മുതൽ 9.11.2017 വരെ |
| ഗിരിജ. പി.ബി | അസി.എഞ്ചിനീയർ | 10.11.2017 മുതൽ 31.03.2018 വരെ |
| ഡോ. തനൂജ | മെഡിക്കൽ ആഫീസർ, അലോപ്പതി | 1.04.2017 മുതൽ 26.08.2017 വരെ |
| ഡോ. ആൻ മേരി ക്ലീറ്റസ് | മെഡിക്കൽ ആഫീസർ, അലോപ്പതി | 26.08. 2017 മുതൽ 31.03.2018 വരെ |
| ഡോ:സ്മിത. ടി.വി | മെഡിക്കൽ ആഫീസർ, ആയുർവേദ ഡിസ്പെൻസറി, | 1.04.2017 മുതൽ 31.03.2018 വരെ |
| ഡോ. പി.സി. ശ്രീലത | മെഡിക്കൽ ആഫീസർ, ഹോമിയോ ഡിസ്പെൻസറി | 1.04.2017 മുതൽ 31.07.2017 വരെ |
| ഡോ: ബിനി. വി.വി | മെഡിക്കൽ ആഫീസർ, ഹോമിയോ ഡിസ്പെൻസറി, പുത്തൻചിറ | 01.08.2017 മുതൽ 09.02.2018 വരെ |
| ഡോ:അനിഷ. പി.ജെ | മെഡിക്കൽ ആഫീസർ, ഹോമിയോ ഡിസ്പെൻസറി | 09.02.2018 മുതൽ 31.03.2018 വരെ |
| തോമാസ്. പി.ഒ | കൃഷി ഓഫീസർ വേളൂക്കര | 1.04.2017 മുതൽ 31.03.2018 വരെ |
| ഡോ. സിജി. | വെറ്ററിനറി സർജൻ | 01.04.2017 മുതൽ 07.06.2017 വരെ |
| ഡോ. കെ.വി. ഷിബു. | വെറ്ററിനറി സർജൻ | 07.06.2017 മുതൽ 31.03.2018 വരെ |
| സിനി .എൻ.കെ | ഐ.സി.ഡി.എസ്, സൂപ്പർവൈസർ | 1.04.2017 മുതൽ 31.03.2018 വരെ |
| നിഷ. സി | ഡയറി ഫാം ഇൻസ്ട്രക്ടർ, | 1.04.2017 മുതൽ 31.03.2018 വരെ |
| മരിയ സ്റ്റെല്ല | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, കടുപ്പശ്ശേരി | 1.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമനമ്പർ | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം – 2 | | |
| 13 | 2-1 | ക്യാൻസൽഡ് സാംഖ്യ രസീതികൾ ലഭ്യമായില്ല |
| 14 | 2-2 | മാനുവൽ രസീതി ഉപയോഗം - അപാകത |
| 15 | 2-3 | ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ബൈലോ തയ്യാറാക്കിയിട്ടില്ല |
| 16 | 2-4 | തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നില്ല. |
| 17 | 2-5 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ പ്രവർത്തനം |
| 18 | 2-6 | ഡെവലപ്പ്മെന്റ് പെർമിറ്റ് ഫീ കുറവ് തുക ഈടാക്കി |
| 19 | 2-7 | അനധികൃത നിർമ്മാണം - തുടർ നടപടി |
| 20 | 2-8 | ആയുർവേദ ചികിത്സാകേന്ദ്രം - അംഗീകാരസാക്ഷ്യപത്രവിവരം ലഭ്യമല്ല |
| 21 | 2-9 | അഗ്നിശമന ഡയറക്ടറുടെ സാക്ഷ്യപത്രം ഇല്ലാതെ കെട്ടിട നമ്പർ നൽകി |
| 22 | 2-10 | വാണിജ്യ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് |
| 23 | 2-11 | വാണിജ്യ കെട്ടിടത്തിന് വ്യവസായ ഷെഡ്ഡിന് ബാധകമായ നിരക്കിൽ നികുതി നിശ്ചയിച്ചു. |
| 24 | 2-12 | എസ് സി പഠനമുറി -വസ്തുനികുതി പുനർ നിശ്ചയിച്ചിട്ടില്ല. |
| ഭാഗം – 3 | | |
| 25 | 3-1 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. |

| | | |
|---|---|---|
| 26 | 3-2 | വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം- വിതരണ വിശദാംശങ്ങൾ ലഭ്യമല്ല ചെലവു തുക താൽക്കാലികമായി തടസ്സപ്പെടുത്തുന്നു. |
| 27 | 3-3 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപെടുത്തുന്നു. |
| 28 | 3-4 | ഒരേ സാമ്പത്തിക വർഷത്തിൽ വ്യത്യസ്ത ടെണ്ടറുകൾ വഴി വ്യത്യസ്ത നിരക്കിൽ ഒരേ സ്ഥാപനത്തിൽ നിന്ന് വൈദ്യുതോപകരണങ്ങൾ വാങ്ങിയത് പഞ്ചായത്തിന് നഷ്ടം. |
| 29 | 3-5 | സ്ട്രീറ്റ് ലൈറ്റ് വൈദ്യുത ചാർജ്ജ് -ഓർഡിനറി ബൾബുകൾക്ക് തുക ഈടാക്കുന്നത് പഞ്ചായത്തിന് നഷ്ടം സംയുക്ത പരിശോധന നടത്തി അധികം നൽകിയ തുക ക്രമീകരിക്കണം. വൈദ്യുതമീറ്റർ സ്ഥാപിക്കൽ തുടർ നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. |
| 30 | 3-6 | ഇ.എം.എസ്. ലോൺ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണം. |
| 31 | 3-7 | തരിശു സ്ഥലത്ത് നെൽകൃഷി ആനുകൂല്യം അധികം നൽകിയത് തിരികെ ഈടാക്കണം. |
| 32 | 3-8 | വളം വിതരണം-പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമല്ല. |
| 33 | 3-9 | പാടശേഖര സമിതികൾക്ക് നെൽവിത്ത് വിതരണം. രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 34 | 3-10 | നെൽകൃഷിക്ക് കൂലിചിലവ്-രേഖകൾ ഹാജരാക്കിയില്ല ചെലവു തുക തടസ്സപെടുത്തുന്നു. |
| 35 | 3-11 | ആയുർവേദ മരുന്ന് വാങ്ങൽ മരുന്ന് മുഴവൻ ലഭ്യമായിട്ടില്ല |
| 36 | 3-12 | ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ മരുന്നിന് നൽകിയ തുകയിൽനിന്നും ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു. |
| 37 | 3-13 | ഗ്രാമ ജാലകം സാംസ്കാരിക പതിപ്പ് പദ്ധതിയിലെ അപാകങ്ങൾ |
| 38 | 3-14 | പെയ്ൻ ആന്റ് പാലിയേറ്റീവ് പദ്ധതി മരുന്ന് മുഴവൻ ലഭ്യമായിട്ടില്ല |
| 39 | 3-15 | പെയ്ൻ ആന്റ് പാലിയേറ്റീവ് പദ്ധതി റിഫ്രഷ്മെന്റ് ചാർജ്ജ് ക്യാഷായി നൽകി . |
| 40 | 3-16 | വെറ്റിനറി ആശുപത്രിയിലേക്ക് വാങ്ങിയ മരുന്നുകൾ കാലാവധിക്കു മുൻപായി |

| | | |
|---|---|---|
| | | വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം. |
| 41 | 3-17 | സ്കൂളുകൾക്ക് കമ്പ്യൂട്ടർ- ഐടി മിഷന്റെ സ്പെസിഫിക്കേഷൻ ഉത്തരവ് പാലിച്ചിട്ടില്ല. |
| 42 | 3-18 | ക്ഷേമകാര്യ പദ്ധതികൾ -അപാകതകൾ |
| 43 | 3-19 | മരാമത്ത് പണികളുടെ നിർവ്വഹണം -അപാകതകൾ |
| 44 | 3-20 | ആശ്രയ പദ്ധതി -അവലോകനം |
| 45 | 3-21 | മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ജലസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയില്ല. |
| ഭാഗം – 4 | | |
| 46 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 47 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 48 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 49 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 50 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 51 | 4-6 | ഓഡിറ്റ് റിക്കവറി |
| 52 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 53 | 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 54 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 55 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 56 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 57 | അനുബന്ധം 2 | ഇൻകം & എക്സ്പെൻഡീച്ചർ, റസീപ്റ്റ് & പേയ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 27.03.2017തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 14.03.2018തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 17.5.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.6.2018 & 19.6.2018 | കെ എസ് എടി എസ് ആർ (ഇ)3-1150/18(77) തി.12.07.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15788487 |
| വരവ് | 62404987 |
| ആകെ | 78193474 |
| ചെലവ് | 59044656 |
| നീക്കിയിരിപ്പ് | 19148818 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 13608000 | 13608000 | 10161011 | 3446989 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 10306702 | 10306702 | 8021284 | 2285418 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 137944 | 137944 | 89400 | 48544 |
| മെയിന്റനൻസ് ഫണ്ട് – റോഡ് (ACR പ്രകാരം) | | - | 17158000 | 17158000 | 7409824 | 9748176 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR പ്രകാരം) | | - | 3029000 | 3029000 | 2192299 | 836701 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 6390295 | 6390295 | 4925495 | 1464800 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 2748040 | 2748040 | 2527714 | 220326 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ | 0 | 8984619 | 8984619 | 8984619 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | കൂലി- | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 16849 | 1000459 | 1017308 | 1011909 | 5399 |
| അങ്കണവാടി പോഷകാഹാര ഫണ്ട് | | 1157190 | 608138 | 1765328 | 1100000 | 665328 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| സാക്ഷരത | | 16749 | 72971 | 89720 | 0 | 89720 |
| ദുരിതാശ്വാസനിധി | | 43776 | 42917 | 86693 | 50 | 86643 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 120099 | 528000 | 648099 | 648099 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 364000 | 364000 | 364000 | 0 |
| ബി ഫണ്ട് State Sponsored Schemes-Financial Help for Widow's Daughters Marriage | | 0 | 1,50,000 | 1,50,000 | 1,50,000 | 0 |
| State Sponsored Schemes-Production incentive to Paddy Growers | | 0 | 1,15,000 | 1,15,000 | 1,15,000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1,32,31,691 | 1,00,64,000 | 2,32,95,691 | 9550818 | 13744873 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2283183 | 12245965 | 14529148 | 9432870 | 5096278 |
| | ട്രഷറി അക്കൗണ്ട് | 13231691 | 13980431 | 27212122 | 13467249 | 13744873 |
| എസ്.ബി.ഐ - ലക്ഷ്വറി ടാക്സ് | | 42 | 10171 | 10213 | 6350 | 3863 |
| എസ്.ബി.ഐ – ഇ പേയ്മെൻറ് | | 0 | 122750 | 122750 | 708 | 122042 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 81420543 | 111 | 40111056 | 86 | 15 | 52.36 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16849 | 1000459 | 1017308 | 1011909 | 5399 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8984619 | 8984619 | 8984619 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64680 | 116 |
| കർഷകതൊഴിലാളി പെൻഷൻ | 4779000 | 376 |
| .വിധവാപെൻഷൻ | 10240800 | 862 |
| വാർദ്ധക്യകാലപെൻഷൻ | 25448300 | 2166 |
| വികലാംഗപെൻഷൻ | 3117000 | 280 |
| 50 വയസ്സിനു മേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 908100 | 115 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.10.2018 തിയതിയിൽ 3.45 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 62294 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിലെ ഓരോ ജീവനക്കാരനും ചെയ്യേണ്ട ജോലികൾ സംബന്ധിച്ച് വ്യക്തമായ കാര്യാലയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ള സ്ഥാപനത്തിൽ ഇപ്പോൾ ഐ.എസ്.ഓ.സർട്ടിഫിഫിക്കേഷൻ ലഭ്യമാകുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. വർക്കിങ് ഗ്രൂപ്പുകളിൽ ഉരുത്തിരിഞ്ഞുവരുന്ന നിർദേശങ്ങൾ ഗ്രാമസഭാമിനിറ്റ്സുകളിൽ വ്യക്തമായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് സ്റ്റാന്റിങ് കമ്മിറ്റികളിൽ ചർച്ച ചെയ്യപ്പെടുന്നതിന്റെ രേഖപ്പെടുത്തലുകൾ ഇല്ല. കൃഷി ഓഫീസർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികൾ ഒന്നും തന്നെ മോണിറ്ററിങ് നടത്തിയതിന്റെ രേഖപ്പെടുത്തലുകളും ഇല്ല. റദ്ദ് ചെയ്ത രശീതുകളുടെ പൂർണവിവരങ്ങൾ ലഭ്യമല്ലാത്തത്,ട്രേഡേഴ്സ് തൊഴിൽനികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെടാതെ പോകുന്നത്, ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തത്,ലൈവ് സ്റ്റോക്ക് ഫാം ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാളിന് ബൈലോ ഇല്ലാത്തത്, അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കാത്തത് എന്നീ ന്യൂനതകൾ പരിഹരിക്കേണ്ടതുണ്ട്. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ കൺസൾട്ടൻസി ഫീസ് ഇനത്തിൽ അധികമായി നൽകിയ 69929.89 രൂപ അക്രഡിറ്റഡ് ഏജൻസിയിൽനിന്നും

സാമ്പത്തികവർഷം വസൂലാക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. കിട്ടുവാനുള്ള തുകകൾ ഇത്തരത്തിൽ വസൂലാക്കാൻ കഴിഞ്ഞാൽ ആയത് സ്ഥാപനത്തിന് നല്ലൊരു മുതൽക്കൂട്ടാവുന്നതാണ്. അതുപോലെ വൈദ്യുത ചാർജ്ജിൽ കുറവ് വരുത്തുവാൻ സമയോചിതമായി നടപടികൾ സ്വീകരിച്ചാൽ അത് സ്ഥാപനത്തിന്റെ ധനസ്ഥിതിയിൽ ഗണ്യമായ പുരോഗതി സൃഷ്ടിക്കുന്നതായിരിക്കും.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ് തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.09.2018-മുതൽ 12.09.2018-വരെ | ആഗസ്റ്റ്-2018 | 12.09.2018 |
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 27.01.2014-മുതൽ 10.02.2014-വരെ | 2008-09 മുതൽ 2012-13 വരെ | 25.03.2015 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്.

എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| റസിഡൻഷ്യൽ തൻവർഷം | | |
| വാർഷിക കണക്കുപ്രകാരം | 2661954 | 2111632 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 2661954 | 2088788 |
| നോൺ റസിഡൻഷ്യൽ തൻവർഷം | | |
| വാർഷിക കണക്കുപ്രകാരം | 1282619 | 1059697 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 1282619 | 1110635 |
| റസിഡൻഷ്യൽ കുടിശ്ശിക | | |
| വാർഷിക കണക്കുപ്രകാരം | 2468602 | 1446789 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 1668480 | 1401539 |

| നോൺ റസിഡൻഷ്യൽ കുടിശ്ശിക | | |
|---|---|---|
| വാർഷിക കണക്കുപ്രകാരം | 743379 | 728314 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 1005347 | 791381 |

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1993318 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 94920 ആണ്. എന്നാൽ ഈ ശീർഷകത്തിൽ 200744രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. ഇൻകം & എക്സ്പെൻറീച്ചർ അക്കൗണ്ട് I-18 പ്രകാരം 280000000 - "Prior period Item" എന്ന ശീർഷകത്തിൽ 20000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ ഇല്ല.

4.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

6.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net Increase in cash and cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3360331രൂപയാണ്. Net cash generated by operating investment Financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2105848 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. ബാലൻസ്ഷീറ്റ് പ്രകാരമുള്ള Capital work in progress തുക 933680 രൂപയാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പ്രൊജക്റ്റ് നമ്പർ 103/18 എന്ന പ്രവൃത്തിക്ക് ചെലവായ തുക 1,08,909 രൂപ മാത്രമാണ് പാർട്ട് പേയ്മെന്റ് ക്യാപിറ്റൽ വർക്കിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ട മറ്റ് അപാകതകൾ

തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 17/18 പദ്ധതി പ്രകാരം ഇരിങ്ങാലക്കുട ഇലക്ട്രിക്കൽ ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് 5600 രൂപ നൽകിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാകാത്ത ടി തുക ബാലൻസ് ഷീറ്റിൽ ( B-18) ഉൾപ്പെട്ടിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ക്യാൻസൽഡ് സാംഖ്യ രസീതികൾ ലഭ്യമായില്ല

രസീതികൾ ക്യാൻസൽ ചെയ്യുമ്പോൾ രസീതിയുടെ പ്രിന്റിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ക്യാൻസൽഡ് റിപ്പോർട്ട് പ്രകാരവും ഡേ ബുക്ക് പ്രകാരവും ക്യാൻസൽ ചെയ്തിട്ടുള്ള താഴെപറയുന്ന സാംഖ്യ രസീതികളുടെ പ്രിന്റ് ലഭ്യമായില്ല. പ്രിന്റ് വരാത്തതിനാൽ ടി രസീതികൾ സാംഖ്യയിൽ ക്യാൻസൽ ചെയ്തിരിക്കുന്നു എന്നാണ് കാരണം ഡേ ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| തിയതി | രസീതി നമ്പർ | തുക |
|---|---|---|
| 3.11.2017 | 117020103379 | 484 |
| 6.11.2017 | 117020103436 | 4441 |
| 28.02.2018 | 117020107036 | 10000 |

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം 9/12.10.2018) ഫ്രണ്ട് ഓഫീസിലേക്ക് പുതിയ കമ്പ്യൂട്ടറും പ്രിന്ററും സ്ഥാപിച്ചതിനാൽ ഈ അപാകത പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. കമ്പ്യൂട്ടർ രസീതികളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 2-2 മാനുവൽ രസീതി ഉപയോഗം - അപാകത

1.ഗ്രാമപഞ്ചായത്ത് രസീതി ഇഷ്യൂ രജിസ്റ്റർ പ്രകാരം 2017-18 ലേക്ക് 39636 ക്രമനമ്പർ രസീതി ബുക്ക് 16.8.17 ന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ ടി രസീതി ബുക്ക് ഉപയോഗിക്കാതെ തന്നെ 16.3.18 ന് 39647 ക്രമനമ്പർ രസീതി ബുക്ക് കൈപ്പറ്റിയിട്ടുള്ളതും 2017-18 സാമ്പത്തിക വർഷം ഉപയോഗിച്ചതായും കാണുന്നു.

2.രസീതി ഇഷ്യൂ രജിസ്റ്ററിൽ 2018-19 സാമ്പത്തിക വർഷം രസീതി ബുക്ക് നൽകിയിട്ടില്ലാത്തതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷം 2017-18 ൽ അനുവദിച്ച 39636 ക്രമനമ്പർ രസീതി ബുക്ക് ഉപയോഗിച്ചിരിക്കുന്നു.

3. ഒരു കരാറുകാരന്റെ എല്ലാ ടെണ്ടർ ഫോമിന്റെ വിലയും ഒറ്റ രസീതിയിൽ രേഖപ്പെടുത്തി തുക ഈടാക്കിയിരിക്കുന്നു.

ഉദാ:- 2/39636/തി.16.8.18 രസീതിയിൽ 20വിവിധ പദ്ധതികൾക്കുള്ള ടെണ്ടർ ഫോമിന്റെ വിലയായി 12398/- , ജി.എസ്.ടി യായി 1488/- രൂപയും ഈടാക്കിയിരുക്കുന്നു. പദ്ധതി എസ്റ്റിമേറ്റിന് ആനുപാതികമായാണോ ടെണ്ടർ ഫോം തുക ഈടാക്കിയതെന്ന് പരിശോധിക്കാനാവുന്ന രീതിയിലല്ല രസീതിയിൽ തുക രേഖപ്പെടുത്തുന്നത്.

ക്രമപ്രകാരം രസീതികൾ ഉപയോഗിക്കുവാനും വ്യക്തമായ രീതിയിൽ രസീതികളിൽ രേഖപ്പെടുത്തലുകൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ബൈലോ തയ്യാറാക്കിയിട്ടില്ല

01.10.2015 ലെ കമ്മിറ്റി തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ വാടകയ്ക്ക് നൽകിവരുന്നു, എന്നാൽ നാളിതുവരെയായി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ചട്ടപ്രകാരം ബൈലോ തയ്യാറാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 254, 1995ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആകെ കൂടി 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ് ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

മുൻവർഷത്തെ രേഖകളുടേയും ഫീൽഡ് എൻക്വയറി നടത്തിയതിനു ശേഷം തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാവർക്കും നോട്ടീസ് നൽകാറുണ്ടെന്നും നികുതിദായകരുടെ ലിസ്റ്റ് രേഖാമൂലം ആവശ്യപ്പെടാറുണ്ട് എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം11/12.10.2018) മറുപടി ലഭ്യമാക്കിയത്. എന്നാൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് കൃത്യമല്ല

വാർഷിക റിപ്പോർട്ട് പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ് തുക കളക്ഷനായി വന്നിട്ടുണ്ടെങ്കിലും ഓഡിറ്റ് വേളയിൽ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 17-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പേര്/സ്ഥാപനം | രസീതി/തിയതി | അടവാക്കിയത് |
|---|---|---|---|
| 1 | കെ.കെ ഷിബാസുദ്ദീൻ | 118020103587/14.10.2018 | 2750 |

| | | | |
|---|---|---|---|
| | ക്രിയേറ്റീവ് വാർഡ്രോബ് | | |
| 2 | മാനേജിംഗ് ഡയറക്ടർ<br>ക്രിയേറ്റീവ് വാർഡ്രോബ് | 118020500016/16.10.2018 | 69538 |
| 3 | സെക്രട്ടറി<br>വനിത കോപ്പറേറ്റീവ് സൊസൈറ്റി | 118020103552/14.10.2018 | 2310 |
| 4 | സെക്രട്ടറി<br>വനിത കോപ്പറേറ്റീവ് സൊസൈറ്റി | 118020103551/14.10.2018 | 1650 |
| 5 | ഗ്രേസി പി.എൽ<br>ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | 118020103570/14.10.2018 | 150 |
| 6 | ജോളി പി.ജെ<br>ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | 118020103570/14.10.2018 | 150 |
| 7 | ടിൽസ തോമസ്<br>ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | 118020103570/14.10.2018 | 150 |

തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ലൈസൻസ് നമ്പർ | ജോലിക്കാരുടെ എണ്ണം |
|---|---|---|
| സൺറൈസ് സോപ്പ് ഇൻഡസ്ട്രി | 2/17-18 | 8 |
| KJP പ്രോഡക്ട്സ് | 18/17-18 | 8 |

| | | |
|---|---|---|
| മിഡ് വേ ബ്രിക്സ് ജിയോ ജോണി | 20/17-18 | 6 |
| ജെസ്റ്റിൻ സിമന്റ് പ്രോഡക്ട്സ് | 46/17-18 | 12 |
| കെ.എസ്.ബി ,കോക്കനട്ട് | 162/17-18 | 20 |
| ജിയാന ഫാഷൻ | 179/17-18 | 28 |
| ദശമി ഫുഡ്സ് | 118/17-18 | 10 |

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമകളോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പൂർണ്ണമല്ലാത്ത റിട്ടേണുകൾ

കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരിക്കുന്ന തൊഴിൽ നികുതി റിട്ടേണിൽ വരുമാനം രേഖപ്പെടുത്താതെ തൊഴിൽ നികുതി മാത്രം രേഖപ്പെടുത്തി നികുതി അടവാക്കുന്നു. നിശ്ചിത പ്രൊഫോർമയിൽ പൂർണ്ണമായ റിട്ടേണുകൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/12.10.2018)

## 2-5 ലൈവ് സ്റ്റോക്ക് ഫാമുകളുടെ പ്രവർത്തനം

2017-18 സാമ്പത്തിക വർഷം ഒരു പശു ഫാമിന് മാത്രമേ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടുള്ളൂ.

ഈ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും 9 ഫാമുകൾ പാലിന് സബ്സിഡിയായി സാമ്പത്തികാനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. 7 കാറ്റിൽ ഫാമുകൾ പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജൻ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഫാമുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥൻ |
|---|---|
| 1 | ജോൺ വി.എ, കൊറ്റനല്ലൂർ (പ്രകൃതി ഫാം) |
| 2 | ഷാഹുൽഹമീദ്, പുഴക്കരയില്ലത്ത്,പട്ടേപാടം |
| 3 | വിദ്യാസാഗർ, ചേരിയിൽ, കടുപ്പശ്ശേരി |
| 4 | ജയ്സൺ, ചീരേലിപ്പറമ്പിൽ, തുമ്പൂർ |
| 5 | ജോളി തൈതാന, പട്ടേപാടം |
| 6 | സതി, കരുവീട്ടിൽ ,കൊറ്റനല്ലൂർ |
| 7 | ബിന്ദു ജോഷി,കാനാട്ടിൽ |
| 8 | ഷിബു സി.എൻ, ചിറയിൽ |
| 9 | കൃഷ്ണ വിമേഷ്, കൊറ്റനല്ലൂർ |

ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്.

അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്ന ഓരോ ലൈവ് സ്റ്റോക്ക് ഫാമും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാകുന്നു. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ഗ്രാമപഞ്ചായത്തിലുണ്ടാകേണ്ടതാണ്. അനധികൃതമായി പ്രവൃത്തിക്കുന്ന ഫാമുകൾ കണ്ടെത്തി ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 32/16.10.2018)

## 2-6 ഡെവലപ്പ്മെന്റ് പെർമിറ്റ് ഫീ കുറവ് തുക ഈടാക്കി

ഫയൽ നമ്പർ എ6-1885/17

പെർമിറ്റ് നമ്പർ-57/17/20.04.17

ഗ്രാമപഞ്ചായത്ത് 15-ാം വാർഡ് മുകുന്ദപുരം താലൂക്ക് കൊറ്റനല്ലൂർ വില്ലേജ് 419/2 സർവ്വെ നമ്പറിലുള്ള .3997 ഹെക്ടർ സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്നതിന് 17.4.17 ന് ഡെവലപ്മെന്റ് പെർമിറ്റിനായി ശ്രീ. മോഹനൻ എന്നയാൾ അപേക്ഷ നൽകി. പെർമിറ്റ് ഫീ ആയി ടിയാനിൽ നിന്നും തുക ഈടാക്കിയിരിക്കുന്നത് 250/- രൂപയാണ്. (രസീതി നമ്പർ- 117020100275/21.04.17).2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11(3) II-ാം പട്ടിക പ്രകാരം ഒരു ആറിന് ലാന്റ് ഡെവലപ്മെന്റ് ഫീയായി ഈടാക്കേണ്ടത് 250 രൂപയാണ്. 39.97 ആർ വരുന്ന ഈ സ്ഥലത്തിന് ഈടാക്കേണ്ട പെർമിറ്റ് ഫീ 9993 (39.97x250) രൂപയാണ്. കുറവ് തുക 9743/- ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം 30/16.10.18)

## 2-7 അനധികൃത നിർമ്മാണം - തുടർ നടപടി

ശ്രീ. നവീൻ പി.എൻ, പനക്കൽ വീട്, അവിട്ടത്തുർ ക്രമവൽക്കരണത്തിനായി സമർപ്പിച്ചിരിക്കുന്ന 3886/17 /തി.29.08.17 നമ്പർ അപേക്ഷയിൽ സ്ഥലപരിശോധന നടത്തിയ ഓവർസീയർ നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിർമ്മാണ നിയന്ത്രണങ്ങൾക്ക് ബാധകമായ അവിട്ടത്തുർ ക്ഷേത്രപരിധിയിലാണെന്നും ആയതിന് competent authority (AMASR) യുടെ അനുമതിയില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിവരം 23.09.2017 ന് അപേക്ഷകനെ അറിയിക്കുകയുണ്ടായി. എന്നാൽ ഈ വിഷയത്തിൽ തുടർ നടപടിയുണ്ടാകുകയോ അനധികൃത നിർമ്മാണമെന്ന് UA രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് U.A നമ്പർ നൽകാവുന്നതും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എ.എ പ്രകാരം നികുതി ഈടാക്കാവുന്നതുമാണ്. (ഓഡിറ്റ് അന്വേഷണം 31/16.10.18)

## 2-8 ആയുർവേദ ചികിത്സാകേന്ദ്രം - അംഗീകാരസാക്ഷ്യപത്രവിവരം ലഭ്യമല്ല

a) സൗപർണ്ണിക (പ്രകൃതി ജീവനം) ആയുർവേദ ആശുപത്രിക്ക് 330/17-18 തി.3.05.17 നമ്പറായി ഗ്രാമപഞ്ചായത്ത് ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 10കിടക്കകളോട്ടു കൂടിയ ആയുർവേദ ചികിത്സാ കേന്ദ്രം എന്ന് ലൈസൻസ് അപേക്ഷയിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം 17-18 ൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപനം രജിസ്ട്രേഷൻ പുതുക്കിയില്ല.

b) 2007 ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരം നൽകലും നിയന്ത്രിക്കലും) ആക്ട് പ്രകാരം ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടറിൽ നിന്നും അംഗീകാര സാക്ഷ്യപത്രം ലഭ്യമായത് പരിശോധിച്ച് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല. അംഗീകാരസാക്ഷ്യപത്രം പരിശോധിച്ച് വ്യക്തത വരുത്തി ടി സ്ഥാപനം ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങളിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയം ചെയ്യാവുന്നതാണ്. (ഓഡിറ്റ് അന്വേഷണം 38/17.10.18)

## 2-9 അഗ്നിശമന ഡയറക്ടറുടെ സാക്ഷ്യപത്രം ഇല്ലാതെ കെട്ടിട നമ്പർ നൽകി

1.കെട്ടിട നമ്പർ-5/442B

ശ്രീ ജോജി പോൾ എന്ന വ്യക്തി പെർമിറ്റ് എടുക്കാതെ പണിത കെട്ടിടം റഗുലറൈസ് ചെയ്ത് നമ്പർ നൽകി. നോട്ടുബുക്ക് നിർമ്മാണ യൂണിറ്റിനായി നിർമ്മിച്ച കെട്ടിടത്തെ ഇതര വ്യവയായം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നമ്പർ നൽകി എങ്കിലും 2011 ലെ KPBR ചട്ടം 59 11(a) പാലിക്കാതെ അഗ്നിശമന ഡയറക്ടറുടെ സാക്ഷ്യപത്രം വാങ്ങാതെയാണ് നമ്പർ നൽകിയിരിക്കുന്നത്. (എൻക്വയറി നമ്പർ-36/17.10.18 )

2.6/340 c

ശ്രീമതി .ജീന &സുമൻ താക്കോൽക്കാരൻ എന്നവരുടെ ജൈവവള നിർമ്മാണ യൂണിറ്റിന് റഗുലറൈസേഷൻ ഫീസ് ഈടാക്കി നമ്പർ നൽകി. ഇതര വ്യവസായത്തിൽ ഉൾപ്പെടുത്തി നമ്പർ നൽകിയിട്ടുണ്ടെങ്കിലും 2011 ലെ KPBR ചട്ടം 59 11(a) പാലിക്കാതെ അഗ്നിശമന ഡയറക്ടറുടെ സാക്ഷ്യപത്രം വാങ്ങാതെയാണ് നമ്പർ നൽകിയിരിക്കുന്നത്. കെട്ടിട നമ്പർ അനുവദിച്ച നൽകുമ്പോൾ എല്ലാ നടപടിക്രമങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.36/17.10.18)

## 2-10 വാണിജ്യ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

ഫയൽ നമ്പർ-എ3-3530/17

ഹസീബ് മനക്കുളങ്ങര,കോമ്പാറ എന്ന വ്യക്തിയുടെ 1961.44 ച.മി ഉള്ള വാണിജ്യ കെട്ടിടത്തിന് 1 ച.മി ന് 45 രൂ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 200 എം2 ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിരിക്കുന്ന നിരക്ക് 55 /1ച.മി ആണ്.

വിശദാംശം താഴെ ചേർക്കുന്നു.

a) നിർണ്ണയിച്ച നികുതി

1961.44x45 = 88264.8

മേൽക്കൂര ഇളവ്=8826.4

(10%)

(വർദ്ധനവ് 35% )=30892.68

(വഴി സൗകര്യം & തറ നിർമ്മിതി)

ആകെ നിർണ്ണയിച്ച നികുതി=110332.00 രൂ + ലൈബ്രറി സെസ് 5517.00 = 115849

b) നിർണ്ണയിക്കേണ്ട നികുതി

1961.44x55 =107879.2

മേൽക്കൂര ഇളവ് = 10787.92

(10%)

(വർദ്ധനവ് 35% )=37757.72

(വഴി സൗകര്യം & തറ നിർമ്മിതി)

ആകെ നിർണ്ണയിക്കേണ്ട നികുതി= 134849.00 രൂ + ലൈബ്രറി സെസ് 6742 = 141591

കുറവ് =24517 Tax+1225 LC

ആയതിനാൽ നികുതി പുനർ നിർണ്ണയിക്കേണ്ടതും 2017-18 രണ്ടാം അർദ്ധവർഷം മുതൽ നികുതി കുറവ് വന്നത്

ഈടാക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം 36/17.10.18)

## 2-11 വാണിജ്യ കെട്ടിടത്തിന് വ്യവസായ ഷെഡ്ഡിന് ബാധകമായ നിരക്കിൽ നികുതി നിശ്ചയിച്ചു.

കെട്ടിട നമ്പർ-6/275a

ശ്രീ ജോയ് പേങ്ങിപറമ്പിൽ കട്ടപ്പശ്ശേരി എന്ന വ്യക്തിയുടെ സ്റ്റോർ മുറിക്ക് വ്യവസായ ഷെഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചതിനാൽ നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. 1ച.മി ന് 45 രൂ എന്നതിനു പകരം 10 രൂ ആണ് നിശ്ചയിച്ചിരിക്കുന്നത്. ഓവർസിയറുടെ റിപ്പോർട്ടിലും ഉടമയുടെ അപേക്ഷയിലും(പെയ്ന്റ് സംഭരണം) പ്ലാനിലും കമേഴ്സ്യൽ വിഭാഗം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

നിർണ്ണയിച്ച നികുതി

31.41m2X10 =314.1

മേൽക്കൂര ഇളവ്=31.41

(10%)

(വർദ്ധനവ് 20% )=62.82

(വഴി സൗകര്യം )

ആകെ നിർണ്ണയിച്ച നികുതി=345.51.00രൂ+ലൈബ്രറി സെസ് 17.27 രൂപ

നിർണ്ണയിക്കേണ്ട നികുതി

31.41 x 45 =1413.45

മേൽക്കൂര ഇളവ് = 141.34

(10%)

(വർദ്ധനവ് 20% )=282.69

(വഴി സൗകര്യം )

ആകെ നിർണ്ണയിക്കേണ്ട നികുതി=1554.8 +ലൈബ്രറി സെസ്=77.74.00

കുറവ് = 1209 Tax+ 61LC

കുറവ് നിശ്ചയിച്ച നികുതി ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-12 എസ് സ് പഠനമുറി -വസ്തുനികുതി പുനർ നിശ്ചയിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി.സെക്രട്ടറി

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ് സി പഠനമുറി എന്ന പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വസ്തു നികുതി പുനർ നിർണ്ണയിച്ചതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

1.മിനിമോൾ ആലക്കപറമ്പിൽ വാർഡ്-10

2.രവി കുമാർ തയ്യിൽ-വാർഡ് 5

3.ചാത്തപ്പൻ അരീക്കാട്ട് വാർഡ്-16

4.ശിവദാസൻ തുപ്പയ്യമഠത്തിൽ വാർഡ്-18

ആകെ എട്ട് പേരാണ് 2017-18 ൽ പഠനമുറി പൂർത്തീകരിച്ചത്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഒഴികെയുള്ളവരുടെ വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. മേൽ വ്യക്തികളുടെ നിലവിലുള്ള ഭവനത്തിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ആയതിനാൽ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ച് വസ്തുനികുതി ചുമത്തേണ്ടതിന്റെ അർഹത പരിശോധന വിധേയമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജിനത്തിൽ 686065 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 44 കുടിവെള്ളപദ്ധതികൾ ആണ് ഉള്ളത്(പഞ്ചായത്തിൽ ലഭ്യമായ കണക്ക് പ്രകാരം). ഇവ പല കാലയളവിലായി കമ്മീഷൻ ചെയ്തവയാണ്. 30.5.2009 ലെ 1275/09 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് അവയെ ഏൽപ്പിക്കേണ്ടതും കറന്റ് ചാർജ്ജ്, അറ്റകുറ്റപ്പണി എന്നിവ അവർ വഹിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും വൈദ്യുത ചാർജ്ജ് അടവാക്കുന്നത് നിലവിലെ സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്നും ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കണം എന്ന നിർദ്ദേശം വച്ചിരുന്നുവെങ്കിലും 2017-18 വരെ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യം കണക്കിലെടുത്ത് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 3-2 വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം- വിതരണ വിശദാംശങ്ങൾ ലഭ്യമല്ല ചെലവു തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിലെ നടവരമ്പ് അംബേദ്കർ കോളനി നിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് ബഹുമാനപെട്ട ജില്ലാ കളക്ടർക്ക് നിവേദനം നൽകിയതിനെ തുടർന്ന് 9.2.17ന് ജില്ലാ കളക്ടർ പുറപെടുവിച്ച കെ.2/555/17 കത്ത് പ്രകാരം കോളനിയിൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും തനതു ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതു പ്രകാരം 10.2.17 ലെ ഭരണ സമിതി 4 (1) പ്രകാരം തീരുമാനമെടുക്കുകയും പ്രോജക്ട് തയ്യാറാക്കി തുക വകയിരുത്തുകയും ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ച് ലിറ്ററിന് 26 പൈസ നിരക്കിൽ ശ്രീ.കെ.കെ ഷാജി എന്നയാൾക്ക് കരാർ നൽകുകയും ചെയ്തു. ടിയാൻ 22.2.17 മുതൽ 30.5.17 വരെ കാലയളവിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം നടത്തിയ ഇനത്തിൽ 6,35,520 രൂപയുടെ ബില്ലുകൾ സമർപ്പിക്കുകയുണ്ടായി. തുടർന്ന് 27.03.18 ലെ സെക്രട്ടറിയുടെ എ2-108/17 ഉത്തരവ് പ്രകാരം തനതു ഫണ്ടിൽ നിന്നും നികുതി കഴിച്ച് 1,98,000 രൂപ ടിയാന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. ചെക്ക് നം. 009636/27.03.18, വൗച്ചർ നം. 21701381/28.03.18

പദ്ധതിയുടെ ഭാഗമായി ട്രിപ് ഷീറ്റുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ട്രിപ്പുകൾ നടത്തിയതിന്റെ കൃത്യമായ സമയം കുടിവെള്ളം വിതരണം ചെയ്ത പോയന്റുകൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്തത്/കിയോസ്കുകളിൽ നിറച്ചത് എന്നിവയുടെ വിവരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ്, വിതരണ സ്റ്റേറ്റ്മെന്റ് എന്നിവ ഫയലിൽ ഇല്ല. സംസ്ഥാന ഫുഡ്സേഫ്റ്റി കമ്മീഷണറുടെ 11.01.13 ലെ എ-1/2013/സി.എഫ്.എസ് നമ്പർ ഉത്തരവുപ്രകാരം ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലും കുടിവെള്ള വിതരണം ചെയ്യുന്നവർ 2011ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) പ്രകാരം FBO ലൈസൻസ് എടുത്തിരിക്കണം (ഉത്തരവിലെ ക്രമനമ്പർ - 1). അതോടൊപ്പം, കുടിവെള്ള സ്രോതസ്സുകൾക്കും FBO ലൈസൻസ് ഉണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ളസ്രോതസ്സുകളിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ എന്ന് ഉത്തരവിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല. കുടിവെള്ള വിതരണം നടത്തുന്നതിലേക്കായി 7.2.17 ന് കേരള വാട്ടർ അതോറിറ്റിയിൽ ജലപരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഫയലിലുണ്ട്. എന്നാൽ പിന്നീട് പരിശോധന നടത്തിയതിന്റെ റിപ്പോർട്ടുകൾ ഫയലിലില്ല. ട്രിപ്പ് ഷീറ്റുകൾക്ക്

പുറകിൽ വാർഡ് മെമ്പർമാർ ഒപ്പ് രേഖപെടുത്തിയിട്ടുണ്ടെങ്കിലും കുടിവെള്ള വിതരണം നടത്തിയത് സംബന്ധിച്ച മോണിറ്ററിംഗ് നടന്നതായി രേഖകൾ ഇല്ല. അംബേദ്കർ കോളനിയിൽ ജലവിതരണം നടത്തിയതിനാണോ/മുൻ സാമ്പത്തിക വർഷത്തെ ജലവിതരണം നടത്തിയതിനാണോ തുക നൽകിയതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. സർക്കാർ നിർദ്ദേശം ലഭിച്ച ശേഷം ബാക്കി തുക നൽകാമെന്ന് സെക്രട്ടറി കുറിപ്പ് രേഖപെടുത്തിയതായി ഫയലിൽ കാണുന്നു. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കപെടാതെ കരാറുകാരന് തുക നൽകാനിടയായ സാഹചര്യം വ്യക്തമല്ല. വിതരണ വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| ക്രമനം. | പദ്ധതി | തുക | ബിൽ നം./തിയതി | തുക കൈപ റ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 181/18ഐ.എം.എ.ബ്ലഡ് ബാങ്ക് ഗ്രാമപഞ്ചായത്ത് വിഹിതം | 100000 | 13/17-18/ 20.9.17 | ജില്ലാ പഞ്ചായത്ത് |
| 2 | 182/18ഭിന്നശേഷിക്കാർക്കുള്ള പഞ്ചായത്ത് വിഹിതം. | 50000 | 11/17-18/ 20.9.17 | ജില്ലാ പഞ്ചായത്ത് |
| 3 | 95/18 തെരുവു വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 983770 | 23/17-18/ 15.1.18 | അസി.എഞ്ചിനീയർ കൊമ്പൊടിഞ്ഞാമാക്കൽ ഇല.സെക്ഷൻ |
| | | 200620 | 24, 25/ 17-18/ 15.1.18 | അസി.എഞ്ചിനീയർ പുത്തൻചിറ ഇല.സെക്ഷൻ |
| 4 | 17/18തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സ്ഥാപിക്കൽ | 5600 | | എക്സി.എഞ്ചിനീയർ ഇല.ഡി വിഷൻ ഇരിങ്ങാലക്കുട |
| | ആകെ | 1339990 | | |

മേൽ പ്രകാരം തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം പൂർത്തീകരണ സാക്ഷ്യ പത്രങ്ങൾ എന്നിവ ലഭിച്ചിട്ടില്ല. ക്രമനം. 3,4 എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡുമായി കരാറിൽ ഏർപെട്ടിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി KSEBയുമായി കരാറിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിക്കണം. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചെലവുതുക 1339990 രൂപ തടസ്സപെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ഒരേ സാമ്പത്തിക വർഷത്തിൽ വ്യത്യസ്ത ടെണ്ടറുകൾ വഴി വ്യത്യസ്ത നിരക്കിൽ ഒരേ സ്ഥാപനത്തിൽ നിന്ന് വൈദ്യുതോപകരണങ്ങൾ വാങ്ങിയത് പഞ്ചായത്തിന് നഷ്ടം.

വൈദ്യുതോപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ രണ്ട് പദ്ധതികൾക്കായി രണ്ടു തവണ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ഒരേ ഉപകരണങ്ങൾ തന്നെ വ്യത്യസ്ത നിരക്കുകളിൽ ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങിയതായി കണ്ടു. വാർഷിക ആവശ്യകതാ നിർണയം നടത്തി സാമ്പത്തിക വർഷത്തേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ഒറ്റത്തവണ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് പകരമായി രണ്ടു തവണയായി ടെണ്ടർ ക്ഷണിച്ച് വാങ്ങലുകൾ നടത്തിയതുമൂലം ഒരേ ഉപകരണങ്ങൾക്ക് വ്യത്യസ്ത നിരക്കുകൾ നൽകേണ്ടിവരികയും ടെണ്ടർ നടപടികൾക്കായി ഗ്രാമപഞ്ചായത്തിന് തുക നൽകേണ്ടി വന്നതായും കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | 15/18 സ്പിൽ ഓവർ | 91/18 |
|---|---|---|
| അടങ്കൽ തുക (വാങ്ങൽ) | 3,00,000(ഓപ്പൺ ടെണ്ടർ) | 8,63,000 (ഇ-ടെണ്ടർ) |
| ടെണ്ടർ നോട്ടീസ് | 27.6.17 | 15.1.18 |
| പത്രപരസ്യം | 5.7.17 | 17.1.18 |
| ലഭിച്ച ടെണ്ടറുകൾ | 2 | 4 |
| ടെണ്ടർ അംഗീകാരം/തിയതി | 22.7.17ലെ തീരു.6(5) | 14.2.18ലെ തീരു.1(1) |
| കരാർ വിശദാംശങ്ങൾ | തുക, കരാർ നം, കാലാവധി, വ്യവസ്ഥകൾ എന്നിവ രേഖപെടുത്തിയിട്ടില്ല. | കരാർ നം. 7/17-18 /20.2.18തുക, കാലാവധി, വ്യവസ്ഥകൾ എന്നിവ രേഖപെടുത്തിയിട്ടില്ല |
| നിരക്ക് | | |
| Tube light 36w | 35/E | 33/E |
| CFL 15w | 96.5/E | 89/E |
| Copper ballast for tube | 148/E | 134/E |

സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പാക്കിയ ഈ രണ്ട് പ്രോജക്ടുകൾക്കുമായി വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിക്കുന്നതിനു പകരമായി ഒറ്റത്തവണ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ കുറഞ്ഞ നിരക്കിൽ വൈദ്യുത ഉപകരണങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്തിനു സാധിക്കുമായിരുന്നു അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് -ഓർഡിനറി ബൾബുകൾക്ക് തുക ഈടാക്കുന്നത് പഞ്ചായത്തിന് നഷ്ടം - സംയുക്ത പരിശോധന നടത്തി അധികം നൽകിയ തുക ക്രമീകരിക്കണം. വൈദ്യുതമീറ്റർ സ്ഥാപിക്കൽ തുടർ നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2016-17, 2017-18എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റ പണികൾക്കായി ഗ്രാമപഞ്ചായത്ത് ട്യൂബ് ലൈറ്റുകൾ, സി.എഫ്.എൽ ലാമ്പുകൾ, ഓട്ടോ സി.എഫ്.എൽ എന്നിവ വാങ്ങി കരാറുകാർക്ക് നൽകുകയും റിപ്പയറിംഗ് നടത്തിയ ഇനത്തിൽ കരാർ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് ഉപകരണ രജിസ്റ്റർ പ്രകാരം നിലവിൽ 864 ഓർഡിനറി ബൾബുകൾ നിലവിലുള്ളതായി രേഖപെടുത്തിയിട്ടുണ്ട്. വൈദ്യുതി ബോർഡ് പ്രതിമാസം നൽകുന്ന വൈദ്യുതി ബില്ലുകളിൽ മേൽ പറഞ്ഞ എണ്ണം ഓർഡിനറി ബൾബുകൾക്ക് 18.4.17ൽ നിലവിൽ വന്ന പുതുക്കിയ താരിഫ് പ്രകാരം തുക ഈടാക്കി വരുന്നുണ്ട്. ഓർഡിനറി ബൾബുകൾക്ക് മാത്രമായി പ്രതിമാസം 63720രൂപ [(678 x (40wx)@66=44748)+(186x(60w)x@102=18972)=63720)]

ഈടാക്കുന്നുണ്ട്. യഥാർത്ഥത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത് ഓർഡിനറി ബൾബുകൾ വാങ്ങി നൽകിയിട്ടില്ല. നിലവിലുള്ള ഓർഡിനറി ബൾബുകൾ മാറ്റി പകരം സി.എൽ.എഫ് ബൾബുകൾ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിലുള്ള 2x11 CFLബൾബുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കുന്ന വൈദ്യുതി ചാർജ് @32 രൂപ കണക്കാക്കിയാൽ പോലും മേൽ സൂചിപ്പിച്ച 864ലാമ്പുകൾക്ക് (32x864=27648) രൂപ മാത്രമേ കണക്കാക്കാനാവുകയുള്ളൂ. ഈയിനത്തിൽ മാത്രം ഗ്രാമപഞ്ചായത്തിന് 36072രൂപ (63720-27648=36072)പ്രതിമാസം നഷ്ടം ഒഴിവാക്കാൻ സാധിക്കും എന്നാൽ ഇതിനാവശ്യമായ സംയുക്തപരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. മാത്രമല്ല ഓർഡിനറി ബൾബുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പരിശോധന നടത്തുകയോ പ്രതിമാസ വൈദ്യുതി ബില്ലുകളിൽ നിന്നും ഈയിനത്തിൽ ഈടാക്കുന്ന തുക ക്രമീകരിക്കുന്നതിനായി കത്തിടപാടുകൾ നടത്തിയതായോ ഫയലിൽ കാണുന്നില്ല. വൈദ്യുത ബോർഡ് പ്രതിമാസം ഈടാക്കുന്ന സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് ഉപഭോഗത്തിന് ആനുപാതികമായി നൽകുന്നതിനായി മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ 2016-17 സാമ്പത്തിക വർഷത്തിൽ തന്നെ 2,91,200രൂപ എക്സി.എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ ഇരിങ്ങാലക്കുടയിൽ അടവാക്കിയിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ നാളിതുവരെ ബോർഡുമായി കരാറിലേർപ്പെടുകയോ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു മൂലം ഗ്രാമപഞ്ചായത്തിന് പ്രതിവർഷം ഭീമമായ നഷ്ടം ഉണ്ടാകുന്നതായി കാണുന്നു. തൻവർഷത്തിലും മീറ്ററിംഗ് ജോലികൾക്കായി തുക നൽകിയിട്ടുണ്ടെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. ഇതുമൂലം പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നത് പറയാനാകാത്ത അവസ്ഥയാണ്. വൈദ്യുതി ബോർഡുമായി ഇക്കാര്യത്തിൽ കരാറിലേർപ്പെട്ട് എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ഇ.എം.എസ്. ലോൺ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണം.

ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തിൽ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിക്കായി 65,07,500/-രൂപ കൊറ്റനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തതായി കാണുന്നു. പദ്ധതിയുടെ ഭാഗമായി സാമ്പത്തിക വർഷത്തിൽ 8,25,000/-രൂപ അടവാക്കിയതായും ടി തുക ബാങ്ക് ലോൺ നം.1/12,2/12,3/12,4/12 എന്നിവയിൽ വരവു വച്ചതായും സാമ്പത്തിക വർഷാവസാനത്തിൽ 6,90,000/- രൂപ ബാക്കി അടവാക്കാനുണ്ട് എന്ന് അറിയിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും അടവാക്കിയ മുതൽ, പലിശ എന്നിവ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഇതു സംബന്ധിച്ച രജിസ്റ്ററിൽ രേഖപെടുത്തി കാണുന്നില്ല. പഞ്ചായത്തിന് സഹകരണ ബാങ്കിൽ ഉള്ളതായ ലോൺ അക്കൗണ്ടുകൾ, ഇവയിൽ അടവാക്കിയ മുതൽ, പലിശ എന്നിവ സംബന്ധിച്ച വർഷംതിരിച്ചുള്ള അടവ് വിവരങ്ങളുടെ ബാങ്ക് സാക്ഷ്യപെടുത്തിയ സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് പാസ്സ് ബുക്കുകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 തരിശു സ്ഥലത്ത് നെൽകൃഷി ആനുകൂല്യം അധികമായി നൽകിയത് തിരികെ ഈടാക്കണം.

കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം. 194/18 പ്രകാരം തരിശു നിലത്ത് നെൽ കൃഷി നടത്തിയതിന്പട്ടികജാതി വിഭാഗത്തിൽ പെട്ട രണ്ടു വനിതകൾക്ക് തുക നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം ശ്രീമതി.ലീന ഉണ്ണികൃഷ്ണൻ, 256 സെന്റ് സ്ഥലത്ത് കൃഷി നടത്തിയതിന് 25000രൂപയും, ശ്രീമതി.അമ്മിണി വേലായുധൻ 220 സെന്റ് സ്ഥലത്ത് കൃഷി നടത്തിയതിന് 10,000 രൂപയും ആനുകൂല്യം അനുവദിക്കുന്നതിന് ബിൽ നം. 11/17-18/24.3.18 പ്രകാരം 35,000/-രൂപ ചെലവഴിച്ചതായി കാണുന്നു. ജി.ഒ (എം.എസ്) 80/17 ത.സ്വ.ഭ.വ തീയതി 03.04.17 മാർഗ്ഗരേഖ പ്രകാരം 2ഹെക്ടർ വരെ പ്രദേശത്ത് കൃഷി ചെയ്യുന്നവർക്ക് ഹെക്ടറിന് 17,000/-രൂപ നിരക്കിൽ പരമാവധി 30,000/- രൂപ ആനുകൂല്യം നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയത് പ്രകാരം ശ്രീമതി.ലീനയ്ക്ക് 256 സെന്റിലെ കൃഷിക്ക് 17619രൂപയ്ക്കാണ് അർഹതയുള്ളതായി കാണുന്നത്. എന്നാൽ 7381 രൂപ അധികം നൽകി കാണുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗുണഭോക്താവ് തുക കൈപറ്റിയതിന്റെ വിവരം, വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയതിന്റെ വിവരം എന്നിവ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-8 വളം വിതരണം-പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമല്ല.

പ്രോജക്ട് നം. 101/18,90/18 എന്നിങ്ങനെ പദ്ധതികളിലായി വാഴ, ജാതി എന്നിവയ്ക്ക് വളം വിതരണം ചെയ്തതിന് വിവിധ കർഷകർക്ക് ബിൽ പ്രകാരം തുക അവരുടെ അക്കൗണ്ടുകളലേക്ക് നൽകി കാണുന്നു. 76വാഴ കർഷകർക്ക് ബിൽ നം. 3/17-18/8.3.18 പ്രകാരം 1,95,000/- രൂപയും 220ജാതി കർഷകർക്ക് ബിൽ നം. 4/17-18/8.3.18,8/17-18/22.3.18 എന്നിവ പ്രകാരം 6,60,000/-രൂപ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ ഹാജരാക്കിയ വളം വാങ്ങിയ ബില്ലുകൾ പ്രകാരം സബ്സിഡി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതായാണ് കാണുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയതിൽ ഏകീകൃത സ്വഭാവം ഇല്ലായെന്ന് കാണുന്നു. 45% മുതൽ 74% വരെ വ്യത്യസ്ത നിരക്കുകളിലായാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുള്ളത്. 635 ഗുണഭോക്താക്കളെ അംഗീകരിച്ച ലിസ്റ്റിൽ നിന്നും ജാതിക്ക് വളം പദ്ധതിയിൽ 220 ഗുണഭോക്താക്കൾക്കും 281ഗുണഭോക്താക്കൾ ഉണ്ടായിരുന്ന വാഴക്ക് വളം പദ്ധതിയിൽ 76 ഗുണഭോക്താക്കൾക്കുമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം അധികരിക്കുന്ന സാഹചര്യത്തിൽ പദ്ധതിക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സബ്സിഡി അനുവദിക്കുന്നതിൽ നടത്തേണ്ട പരിമിതപെടുത്തൽ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ ഇത്തരം സംഗതികൾ ചർച്ച ചെയ്തതായോ മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നില്ല. പദ്ധതി ആരും തന്നെ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾക്കായി ബിൽ പ്രകാരം പിൻവലിച്ച് ചെലവഴിച്ച സംഖ്യകൾ കാഷ് ബുക്കിൽ രേഖപെടുത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 പാടശേഖര സമിതികൾക്ക് നെൽവിത്ത് വിതരണം. രേഖകൾ ഹാജരാക്കിയിട്ടില്ല.

കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം. 107/18സമഗ്ര നെൽ കൃഷി വികസനം-മേൽ പദ്ധതിക്കായി ബിൽ നം. 1/17-18/6.1.18 പ്രകാരം 2,00,000 രൂപയും, 7/17-18/23.2.18 പ്രകാരം 3,11,200 രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ച് സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും നെൽ വിത്തുകൾ വാങ്ങി വിവിധ പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ നെൽ വിത്ത് വിതരണം സംബന്ധിച്ച് കൃഷി ഓഫീസർ പാടശേഖര സമിതികളുമായി കരാറിൽ ഏർപ്പെട്ടതായോ, വിവിധ പാടശേഖര സമിതികളെ പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് തീരുമാനമെടുത്തതായോ കാണുന്നില്ല. പാടശേഖരസമിതികളിലെ കർഷകരുടെ കൈവശഭൂമിയുടെ വിവരം, കരം ഒടുക്കിയ രസീതുകളുടെ പകർപ്പ്, കൃഷി നടക്കുന്നത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ പ്രോജക്ട് ഫയലിൽ ഇല്ല. കൃഷി വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ മോണിറ്ററിംഗ് നടത്തിയതായോ, വിള ഇൻഷൂറൻസ് ഏർപെടുത്തിയതായോ ഉള്ള വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചതായോ കാണുന്നില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-10 നെൽകൃഷിക്ക് കൂലിചെലവ്-രേഖകൾ ഹാജരാക്കിയില്ല ചെലവു തുക തടസ്സപെടുത്തുന്നു.

നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ട് നം. 133/18 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം 2 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2ലക്ഷം രൂപയും കൂടി ആകെ 4ലക്ഷം രൂപ 147കർഷകർക്ക് വിതരണം ചെയ്തതായി കാണുന്നു. (ബിൽ നം. 9/17-18/22.3.18,ട്രഷറി ചെക്ക്നം.1922956/27.3.18) എന്നാൽ കർഷകരുടെ അപേക്ഷ,ഭൂ വിസ്തൃതി, കരം ഒടുക്കിയതിന്റെ രസീതുകൾ, കൃഷി നടത്തിയതിന്റെ വിവരം, വിള ഇൻഷൂറൻസ് അടവാക്കിയതിന്റെ വിവരം, ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ്, നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ അർഹതാ/മുൻഗണനാ ലിസ്റ്റുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതി ആരും തന്നെ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവു തുക രണ്ട് ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 27/16.10.2018)

## 3-11 ആയുർവേദ മരുന്ന് വാങ്ങൽ മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ-0093/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ ആയുർവേദം.

ബിൽ നമ്പർ-1/17-18/20.11.2017 – 8,00,000/-

മരുന്ന് വാങ്ങലിനായി ഔഷധിക്ക് 800000/-രൂ മേൽ ബിൽ പ്രകാരം മാറി നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 776198/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 23802/-രൂപയുടെ മരുന്ന് ലഭ്യമായതായി കാണുന്നില്ല.ഔഷധിയുമായുള്ള കരാറിലെ ഇനം 1 പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ ബിൽ മാറി നൽകി. സമയ പരിധിക്കുള്ളിൽ ആകെ 509045/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയത്. മരുന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 3-12 ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ മരുന്നിന് നൽകിയ തുകയിൽനിന്നും ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥയായ പദ്ധതി നം.206/17-18, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി, 150000/രൂപ ബിൽ നമ്പർ-1/17-18/13.11.2017 ന് ഹോംകോയ്ക്ക് നൽകുകയും, 24/2/18, 30.7.2018 തീയതികളിൽ മരുന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും ആകെ 5263/ രൂപാ ഫ്രൈറ്റ് ചാർജ് ഈടാക്കിയതായി കാണുന്നു. എന്നാൽ ആയുർവേദ മരുന്ന് നൽകുന്ന ഔഷധി തുടങ്ങിയ സ്ഥാപനങ്ങൾ ഇത്തരത്തിൽ ഫ്രൈറ്റ് ചാർജ് ഈടാക്കുന്നില്ല. ഹോംകോയ്ക്ക് മരുന്നിന് തുക നൽകുമ്പോൾ നിർവഹണോദ്യോഗസ്ഥ ഹോംകോയുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. പദ്ധതിയ്ക്കായി വകയിരുത്തുന്ന തുകയിൽ നിന്നും ചരക്ക് കൂലി ഈടാക്കുന്നതിനാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാകുന്നില്ല. ആയതിനാൽ ഹോംകോയുമായി മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ട് മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 ഗ്രാമ ജാലകം സാംസ്കാരിക പതിപ്പ് പദ്ധതിയിലെ അപാകങ്ങൾ - 74430/- രൂപയുടെ തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ-141/18

45150+2400+26888

ചെലവ് = 74430/-രൂ (തനത് ഫണ്ട്)

ചെക്ക് നമ്പർ – 7498259/31.10.17 – 45150 (എൽസൺ പ്രിന്റേഴ്സ്)

26880 രൂ – 31.03.18 ൽ NEFT

2400 രൂ. (സാംസ്കാരിക പതിപ്പ് പ്രകാശന ചെലവ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മിസ്ട്രസ് ജി.യു.പി.എസ്, കട്ടപ്പശ്ശേരി

എ)സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം

പദ്ധതി /സബ്സിഡി മാർഗ്ഗരേഖയിൽ (സ.ഉ.(എം.എസ്) 80/17/തസ്വഭവ തീ.03.04.17) പ്രതിപാദിക്കാത്ത ഇനം ആയ സാംസ്കാരിക പതിപ്പ് പ്രിന്റിങ്ങിന് ചെലവഴിച്ച തുക (74430/-രൂ)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി)വ്യക്തമായ ആസൂത്രണമില്ലാതെ നടപ്പിലാക്കിയതിനാൽ പ്രിന്റിങ്ങ് ചാർജ്ജ് ഇനത്തിൽ നഷ്ടം

രചനകൾ ധാരാളം ലഭിച്ചതിനാൽ ഗ്രാമ ജാലകം സാംസ്കാരിക പതിപ്പ് ഒരൊറ്റ പതിപ്പിന് പകരം 2017-18 ൽ രണ്ടു തവണയായി അച്ചടിക്കുകയും 2 വ്യത്യസ്ത ക്വട്ടേഷൻ വിളിച്ചതിനാൽ അച്ചടി ഇനത്തിൽ (എൽസൺ പ്രിന്റേഴ്സ് ,അവിട്ടത്തൂർ)താഴെ പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രൊജക്ടിൽ രണ്ട് പ്രതി അച്ചടിക്കുന്നതിന് തീരുമാനമെടുത്തതായി കാണുന്നില്ല. ഇത്തരം തീരുമാനം ഉണ്ടെങ്കിൽ ക്വട്ടേഷൻ സമയത്ത് വ്യക്തമായ ആസൂത്രണത്തോടു കൂടി ചെയ്തിരുന്നുവെങ്കിൽ താഴെ പറയും പ്രകാരം വന്ന അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

2000 കോപ്പി-45150 രൂ 31.10.2017 ന് തുക നൽകി (കോപ്പി ഒന്നിന് 22.5 രൂ നിരക്കിൽ)

1000 കോപ്പി-26880/-രൂ 31.3.2018 ന് തുക നൽകി (കോപ്പി ഒന്നിന് 26.8 രൂ നിരക്കിൽ)

നഷ്ടം =26.8-22.5 =4.3 രൂ x1000=4300/-രൂ. 1000 കോപ്പി രണ്ടാമതായി ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയപ്പോൾ 4300രൂ അധിക ചെലവ് വന്നു.

സി)ഗ്രാമ ജാലകം സാംസ്കാരിക പതിപ്പ് -പ്രിന്റിങ്ങ് ചാർജ്ജ് ക്യാഷായി നൽകി .

അച്ചടി ഇനത്തിൽ (എൽസൺ പ്രിന്റേഴ്സ്, അവിട്ടത്തൂർ)2000 കോപ്പിക്ക് 45150 രൂ 31.10.2017 ന് നൽകി. ഹെഡ്മിസ്ട്രസിന് ട്രഷറി ചെക്ക് നമ്പർ-7498259/31.10.2017 പ്രകാരം പഞ്ചായത്തിൽ നിന്ന് നൽകിയ തുകയിൽ നിന്നാണ് പ്രസ്തുത തുക ക്യാഷായി നൽകിയത്. ഇത് കേരള പഞ്ചായത്ത് രാജ്

അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 34(2) ന്റെ ലംഘനം ആണ്. അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്

## 3-14 <u>പെയ്ൻ ആന്റ് പാലിയേറ്റീവ് പദ്ധതി മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല</u>

പദ്ധതി നമ്പർ-144/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ബിൽ നമ്പർ-18/17-18/28.3.2018 പ്രകാരം 49839/-രൂപയും ബിൽ നമ്പർ-8/17-18/30.1.2018 പ്രകാരം 222721/-രൂപയും ഉൾപ്പെടെ ആകെ 272560 രൂ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന് ലഭ്യമാക്കുന്നതിനായി കൈമാറിയിട്ടുണ്ട്. എന്നാൽ 215906 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി 56654 രൂപയുടെ (6815+49839) മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. മരുന്ന് എത്രയും വേഗം ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 <u>പെയ്ൻ ആന്റ് പാലിയേറ്റീവ് പദ്ധതി റിഫ്രഷ്മെന്റ് ചാർജ്ജ് ക്യാഷായി നൽകി .</u>

പദ്ധതി നമ്പർ-144/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

2017-18 ൽ പാലിയേറ്റീവ് പദ്ധതിയിൽ റിഫ്രഷ് മെന്റ് ചാർജ്ജ് നൽകിയിരിക്കുന്നത് ഒരേ സ്ഥാപനത്തിനാണ്. ഹോട്ടൽ സൽക്കാര, കോലോത്തുംപടി). ടി സ്ഥാപനത്തിന് ഓരോ മാസവും നൽകേണ്ട തുക സ്റ്റേറ്റ് മെന്റ് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത് താഴെ ചേർക്കുന്നു.

ഏപ്രിൽ, മെയ്-4860/-രൂ

ജൂൺ, ജൂലൈ - 5640/രൂ

ആഗസ്റ്റ് -2940/-രൂ

സെപ്തംബർ -2880/-രൂ

ഒക്ടോബർ -2880/-രൂ

നവംബർ -2880/-രൂ

ഡിസംബർ, ജനുവരി -5400/-രൂ

ഫെബ്രുവരി – 2340/-രൂ

മാർച്ച് – 3060/-രൂ

എന്നാൽ സ്ഥാപനത്തിന് തുക കൈമാറുന്നതിനു പകരം തുക പി എച്ച്സിയുടെ ട്രഷറി അക്കൌണ്ടിലേക്ക് മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ടിസ്ഥാപനത്തിന്റെ വ്യക്തമായ കൈപ്പറ്റ് രസീത് ഫയലിൽ ഇല്ല. ഒരേ സ്ഥാപനത്തിൽ നിന്ന് തന്നെ വാങ്ങുന്നതിനാൽ ടിയാളുമായി കരാറിൽ ഏർപ്പെട്ട്, ബിൽ മാറുന്ന സമയത്ത് അക്കൌണ്ട് ട്രാൻസ്ഫർ ആയി നൽകുകയാണ് ചെയ്യേണ്ടിയിരുന്നത്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 34(2)). അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 വെറ്റിനറി ആശുപത്രിയിലേക്ക് വാങ്ങിയ മരുന്നുകൾ കാലാവധിക്കു മുൻപായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം.

വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതി നം. 138/18 പ്രകാരം വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന വാങ്ങുന്നതിനായി ബിൽ നം.7/17-18 തിയതി. 27.2.18 പ്രകാരം 1,50,000 രൂപ ചെലവഴിച്ച് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം 17120/23.2.18 പ്രകാരം മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന മരുന്നുകൾ വിതരണം ചെയ്തിട്ടില്ല/നാമമാത്രമായി വിതരണം ചെയ്തതായിട്ടാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപെടുത്തി കാണുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | മരുന്നിന്റെ പേര് | എണ്ണം | വില | തുക | വിതരണം ചെയ്തത് | സ്റ്റോ.രജി. പേജ് നം | നീക്കിയിരുപ്പ്. |
|---|---|---|---|---|---|---|---|
| 1 | Melobest.inj.100 | 30 | 96.79 | 2903.7 | nil | 72 | 30 |
| 2 | Melobest p bolus | 400 | 9.68 | 3872 | nil | 76 | 400 |
| 3 | Nutricell 200mg | 300 | 31.68 | 9504 | 7 | 78 | 293 |
| 4 | Fendoban 150 | 100 | 37.84 | 3784 | 10 | 80 | 90 |
| 5 | Fendobanvet 3mg | 100 | 45.05 | 4505 | nil | 82 | 100 |
| 6 | p.biotic bolus | 600 | 9.53 | 5718 | 22 | 83 | 578 |
| 7 | Ceffak bolus | 40 | 26.80 | 1072 | nil | 112 | 40 |
| 8 | Sn robest inj 100 | 40 | 168.7 | 6751 | nil | 114 | 40 |

മരുന്നുകൾ കാലാവധിക്കു മുൻപു തന്നെ ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതും പ്രയോജനപെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങുമ്പോൾ ആവശ്യകത പരിശോധിച്ച് മുൻഗണന നിശ്ചയിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 സ്കൂളുകൾക്ക് കമ്പ്യൂട്ടർ - ഐടി മിഷന്റെ സ്പെസിഫിക്കേഷൻ ഉത്തരവ് പാലിച്ചിട്ടില്ല.

നി.ഉ.ഹെഡ്മിസ്ട്രസ് ജിയുപിഎസ് കടുപ്പശ്ശേരി

പദ്ധതി നമ്പർ-202/18

ബിൽ നമ്പർ-3/17-18/ 14.02.2018 88736/-രൂ

സ്കൂളുകൾക്ക് രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ടെണ്ടർ വിളിക്കുകയും വിൻഡോസ് 10 പ്രൊഫഷണൽ ആണ് ഓഫീസ് ആവശ്യങ്ങൾക്ക് അനുയോജ്യം എന്ന കമ്മിറ്റി തീരുമാന പ്രകാരം ADOT കമ്പ്യൂട്ടേഴ്സിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റ് ടീം 16.10.2018 ന് നടത്തിയ ഭൗതിക പരിശോധനയിൽ പ്രസ്തുത കമ്പ്യൂട്ടറുകൾ (DESK TOP) സ്കൂൾ ലാബിൽ ഉപയോഗിക്കുന്നതായി കാണുകയുണ്ടായി. ആയതിനാൽ പ്രസ്തുത വാങ്ങലിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് സ്കൂൾ അറ്റ് ഐടി മിഷന്റെ സ്പെസിഫിക്കേഷൻ പാലിക്കേണ്ടതാണ്.

2.സ.ഉ.(എംഎസ്)നം.97/2018 പൊ.വി.വകുപ്പ് തീ.6.1.2018 ലെ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലിനും മേൽ ഉത്തരവ് ബാധകമാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം സ്കൂളുകളിൽ ലാപ്ടോപ്പ് കമ്പ്യൂട്ടറുകളാണ് വിന്യസിക്കേണ്ടത്.

3.ലൈസൻസ് ഉള്ള സോഫ്റ്റവെയറുകൾ സ്കൂളുകളിൽ വിന്യസിക്കുവാൻ പാടില്ല.

കൂടാതെ മേൽ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്ത ICT പ്രൊപ്പോസലുകൾ സ്കൂളുകളിൽ നടപ്പിലാക്കുവാൻ പാടില്ല.ആയതിനു വിരുദ്ധമായി സ്കൂളിലേക്ക് ഓഫീസ് ആവശ്യത്തിനുള്ള ലൈസൻസ് ഉള്ള കമ്പ്യൂട്ടറുകൾ വാങ്ങിയത് ശരിയായ നടപടി അല്ല. സ്കൂൾ @ഐടി മിഷന്റെ സ്പെസിഫിക്കേഷൻ പ്രകാരം edubuntu സോഫ്റ്റ്വെയർ ആണ് ഉപയോഗിക്കേണ്ടത്. ആയത് ഫ്രീ സോഫ്റ്റ് വെയർ ആണ്.

എന്നാൽ ലൈസൻസുള്ള സോഫ്റ്റ്വെയർ വാങ്ങിയതിനാൽ വിലയിൽ വളരെ അധികം വ്യത്യാസവും വന്നിട്ടുണ്ട്. ഉത്തരവിനു വിരുദ്ധമായി വാങ്ങൽ നടത്തിയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-18 <u>ക്ഷേമകാര്യ പദ്ധതികൾ - അപാകതകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 പ്രകാരം രൂപീകരിക്കപ്പെടുന്ന സ്റ്റാൻറിംഗ് കമ്മിറ്റികൾക്ക് പ്രാദേശിക ഭരണസ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയെന്ന ചുമതലയാണുള്ളത്. പ്രസ്തുത നിയമത്തിലെ വകുപ്പ് 162 എ(iii) പ്രകാരം ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ പട്ടിക ജാതി -പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം സാമൂഹ്യനീതി, സാമൂഹ്യ സുരക്ഷാ പ്രവർത്തനം, ചേരിപരിഷ്കരണം, ദാരിദ്രനിർമാർജ്ജനം, പൊതുവിതരണ സമ്പ്രദായം എന്നിവയാണ്. ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ സ്വീകരിക്കൽ അന്വേഷണം നടത്തി അംഗീകാരം നൽകൽ എന്ന ഏക വിഷയത്തിൽ മാത്രമാണ് ചർച്ച നടന്നിട്ടുള്ളത് എന്നു കാണുന്നു. 2017-18 കാലയളവിൽ 16 തവണ യോഗം ചേർന്നതിൽ 13 യോഗങ്ങളിലും പെൻഷൻ അപേക്ഷകൾ സംബന്ധിച്ച തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്. ഇതര വിഷയങ്ങളിലെ പദ്ധതി രൂപീകരണം ഗുണഭോക്താക്കളുടെ അർഹതാ/മുൻഗണന മാനദണ്ഡങ്ങൾ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ തുടങ്ങിയവയിൽ വിശദമായ ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലുകളില്ല. 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 29.3.17 ലെ 72/17 തസ്വഭവ ഉത്തരവിലെ ഖ. 5.7, അനുബന്ധം 3 എന്നിവ പ്രകാരമുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

പഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ വിഷയചുമതലയിൽ വരുന്ന ദാരിദ്ര്യലഘൂകരണം, സാമൂഹ്യക്ഷേമം, പട്ടിക ജാതി വികസനം, പട്ടിക വർഗ്ഗ വികസനം,വനിതാവികസനം, വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് പരിശോധിച്ചു. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും കുറഞ്ഞത് നാലു തവണ യോഗം ചേർന്നിട്ടുണ്ട്.

എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും 20, 21 അംഗീകരിക്കപ്പെട്ട അംഗങ്ങൾ ഉണ്ടെങ്കിലും യോഗങ്ങളിലെ ഹാജർനില 10 ൽ താഴെ മാത്രമാണ്. വർക്കിംഗ് ഗ്രൂപ്പ് രൂപീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് ജി ഒ(എം.എസ്) നം10/17/തസ്വഭവ തിയതി 9.1.2017 ഉത്തരവു പ്രകാരം ബന്ധപ്പെട്ട വിഷയമേഖലയിലെ വിദഗ്ധ വർക്കിംഗ് ഗ്രൂപ്പ് ഉപാദ്ധ്യക്ഷൻ ആയിരിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിൽ 17 ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതുണ്ട്. പങ്കെടുക്കുന്നവരുടെ ആവശ്യങ്ങൾ പദ്ധതി ശുപാർശകളായി രേഖപ്പെടുത്തുന്നതല്ലാതെ അവയുടെ യുക്തി, ക്ഷമത പ്രായോഗികത നിയമസാധുത, വിജയസാധുത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പുവരുത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തിയല്ല പദ്ധതി രൂപീകരണ ചർച്ചകൾ നടത്തിയിട്ടുള്ളത്. മിനിറ്റ്സിൽ ചില മീറ്റിംഗുകളിൽ ഹാജർ നിലമാത്രം രേഖപ്പെടുത്തി യോഗ തീരുമാനങ്ങൾ രേഖപ്പെടുത്താത്തതായി കാണുന്നു. ഉദാ. പട്ടികവർഗ്ഗവികസനം 17.2.17, സാമൂഹ്യക്ഷേമം 26.7.17, വനിതാവികസനം 26.7.17 പദ്ധതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്യണമെന്ന 10/17 ഉത്തരവിലെ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രത്യേക കമ്മിറ്റിയുണ്ടാക്കി മിനിറ്റ്സ് സൂക്ഷിക്കുന്നതായി കണ്ടു. മോണിറ്ററിംഗ് ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഒഴിവാകണം മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകേണ്ടതിന്റെ ആവശ്യകത ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ വിഷയങ്ങൾ അംഗങ്ങളുടെ വ്യക്തിഗത ചുമതലയായി വേർതിരിച്ചു നൽകിയും, വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ആവശ്യാനുസരണം കമ്മിറ്റികളിൽ പങ്കെടുപ്പിച്ച് അവരുടെ സാങ്കേതികോപദേശം നേടിയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വിഷയമേഖലകളിൽ നടപ്പാക്കിയ പദ്ധതികളിൽ പരിശോധന നടത്തിയതിന്റെ വിശദാംശം ചുവടെ ഖണ്ഡികകളായി ചേർത്തിരിക്കുന്നു.

1) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

മേൽപറഞ്ഞ പദ്ധതി സ്പിൽ ഓവറും പുതിയതും നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതി നം : 6/17 സ്പിൽ ഓവർ

അടങ്കൽതുക : 900000രൂപ

ചെലവ് : 800000രൂപ

പദ്ധതി നം : 157/18

അടങ്കൽതുക : 700000രൂപ

ചെലവ് : 400000രൂപ

മേൽപറഞ്ഞ പദ്ധതി നിർവ്വഹണത്തിന്റെ മാനദണ്ഡങ്ങൾ 23.05.17 ലെ സ.ഉ. (സാധാ) നം. 1683/17/തസ്വഭവ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള, വാസയോഗ്യമായ വീടുള്ള പട്ടികജാതി കുടുംബത്തിലെ വിദ്യാർത്ഥികൾക്കാണ് പഠനമുറി പുതിയതായി നിർമിച്ചു നൽകാവുന്നത്. (100 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണത്തിൽ). ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, മെഷർമെന്റ് അടിസ്ഥാനമാക്കിയാണ് പരമാവധി 1 ലക്ഷം രൂപ അനുവദിക്കേണ്ടത്. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ, മേൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടു എന്നുറപ്പുവരുത്തുന്നതിനാവശ്യമായ ഏതാനും രേഖകൾ - മുറിയുടെ പ്ലാൻ/സൈറ്റ് പ്ലാൻ, എഞ്ചിനിയർ മെഷർമെന്റ് എടുത്തതിന്റെ രേഖ തുടങ്ങിയവ ഫയലിനോടൊപ്പം ഉൾപ്പെടുത്തികാണുന്നില്ല. നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം എന്ന് തെളിയിക്കുന്ന രേഖ, പഠനമുറിയുടെ പ്ലാൻ, എസ്റ്റിമേറ്റ് തയ്യാറാക്കി എഞ്ചിനിയർ മെഷർമെന്റ് എടുത്തതിന്റെ വിശദാംശം തുടങ്ങിയ പ്രധാന രേഖകൾ ഫയലിനോടൊപ്പം വെച്ചിരുന്നില്ല. പഞ്ചായത്തിൽ നിന്നുള്ള സമ്മതപത്രം/ കെട്ടിട നിർമാണാനുമതി എല്ലാം ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയതിന് ആധാരമായ രേഖകൾ സമർപ്പിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ വീടിനോട് ചേർന്ന് പഠനമുറി നിർമിച്ചതായി വ്യക്തത വരുത്തുന്ന രീതിയിലല്ല ഏതാനും ഫോട്ടോകൾ ഫയലിനോടൊപ്പം ചേർത്തിട്ടുള്ളത്. അപാകതകൾ ചൂണ്ടികാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 22/16.10.18) നൽകിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല എന്ന അപാകത സംഭവിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തെ തുടർന്നാണ് കരാർപത്രികയിൽ രേഖപ്പെടുത്തലുകൾ വരുത്തിയത്.

അപാകതകൾ പരിഹരിച്ച് രേഖകൾ അടക്കം ഫയൽ പൂർണ്ണമാക്കി സമർപ്പിക്കുന്നതുവരെ ആകെ പദ്ധതി ചെലവ് 12,00000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

ചെലവ് വിവരങ്ങൾ

ട്രഷറി ബിൽ നം 23/31.3.18 – 2,00,000/-

5/21.7.17 - 2,00,000/-

6/31.7.17 – 1,00,000/-

9/23.10.17 – 1,50,000/-

11/6.1.18 – 1,00,000/-

16/2.3.18 – 1,00,000/-

14/19.2.18 – 50,000/-

21/31.3.18 – 2,00,000/-

18/21.2.18 – 1,00,000/-

ആകെ: 12,00,000

ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. അഖില കെ പി

പ്രേമൻ സി വി

കുളിയാട്ടിൽ, അവിട്ടത്തൂർ V

2. വൃന്ദ പി ആർ

വിമല രാധാകൃഷ്ണൻ

പണ്ടാരപറമ്പിൽ, കല്ലംകുന്ന് IV/320A

3. പ്രശാന്ത് കൃഷ്ണ കെ പി

പ്രദീപ് കെ എ

കൊടിയാട്ടിൽ, കൊറ്റനെല്ലൂർ XVI/363

4. സിസിത. ഒ. എസ്

സിദംബരൻ

ഓട്ടൂർ മേക്കാട്ട്, അവിട്ടത്തൂർ XVII

5. അശ്വിൻഘോഷ് പി എസ്

ഗീത സുരേന്ദ്രൻ

പീടികപറമ്പിൽ, കൊറ്റനെല്ലൂർ XVI/310

6. യദുകൃഷ്ണ കെ ജി

ലളിത ഗോപാലൻ

കുറുപ്പത്തുകാട്ടിൽ, കൊറ്റനെല്ലൂർ XV/5

7. നിവേദ് അപ്പു

അപ്പു എൻ വി

നരച്ചാംപറമ്പിൽ,കൊറ്റനെല്ലൂർ XI/383

8. ഹരി രവി

രവികുമാർ

തെയ്യിൽ വീട്, അവിട്ടത്തൂർ V/511

9. സുനീഷ് ടി എസ്

ശിവദാസൻ ടി വി

തുപ്പയമഠത്തിൽ, നടവരമ്പ്

10. ശരത് എ സി

ചാത്തപ്പൻ എ വി

അരിക്കാട്ട്, കൊറ്റനെല്ലൂർ

11. ആദിത്യ ഷിബു

മിനിമോൾ

ആലക്കപറമ്പിൽ, അവിട്ടത്തൂർ XVI/22

12. ഹലിത മോഹനൻ

ലീല മോഹനൻ

കണ്ണോളി, പറക്കാട്ടുകുന്ന്

തുമ്പൂർ

2)വൃദ്ധജനങ്ങൾക്ക് കട്ടിൽ

വൃദ്ധജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി ജനറൽ വിഭാഗത്തിൽ ഐ. സി.ഡി.എസ് സൂപ്പർവൈസർ, പട്ടികജാതി വിഭാഗത്തിൽ അസിസ്റ്റന്റ് സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയിട്ടുണ്ട്.

a) 191/18 ജനറൽ

ആകെ അടങ്കൽ തുക 313200/-

ചെലവ് 270600 ട്രഷറി ബിൽ നം. 14/28.10.17, 21/31.01.18

b) 169/18 പട്ടികജാതി

ആകെ അടങ്കൽ തുക 237800

ചെലവ് 229600 ട്രഷറി ബിൽ നം. 16/19.11.17, 24/16.02.18

21.6.17 ലെ സ.ഉ.(സാധാ) നം.2086/17/തസ്വഭവ ഉത്തരവിലെ നിർദ്ദേശാനുസരണമാണ് കട്ടിലിന്റെ സ്പെസിഫിക്കേഷൻ എടുത്തിരിക്കുന്നത്. 25.10.17 ലെ എ2 -108/17 പ്രകാരമുള്ള ടെണ്ടർ പരസ്യപ്രകാരം എല്ലാ നികുതികളും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും അടങ്ങിയ നിരക്കാണ് രേഖപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നത്. കട്ടിലിന്റെ വാങ്ങൽ പ്രക്രിയ പരിശോധിച്ചതിൽ നിരീക്ഷിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടികൾക്ക് ശേഷമാണ് പ്രൊക്യുർമെന്റ് കമ്മിറ്റി യോഗം ചേർന്ന് (തിയതി 17.11.2017) കട്ടിലിന്റെ നിർമാണ വസ്തു ഏതു വേണമെന്ന് തീരുമാനിച്ചത്. പിൻകോഡയും, പ്ലാവും നിർദ്ദേശിച്ചതിൽ കുറഞ്ഞനിരക്ക് പ്ലാവിനായതിനാൽ ഗുണനിലവാരം പരിശോധിച്ച് തെരഞ്ഞെടുക്കുന്നതിനും നിർദ്ദേശിച്ചു. ലഭ്യമായ 4 ടെണ്ടറുകളിൽ പ്ലാവിന്റെ ഇനം താഴെ പറയും പ്രകാരം 2 കമ്പനികൾ കോട്ട് ചെയ്തു.

സൂപ്പർഷൈൻ ഇൻഡസ്ട്രീസ് ആളൂർ - 4100

രാജധാനി ഏജൻസീസ് പാലക്കാട് - 3984

കുറഞ്ഞനിരക്ക് കോട്ട് ചെയ്ത രാജധാനി ഏജൻസീസിന്റെ ടെണ്ടർ തള്ളികളഞ്ഞ് സൂപ്പർഷൈൻ ഇൻഡസ്ട്രീസിന്റെ ഓഫറാണ് പ്രൊക്യുർമെന്റ് കമ്മിറ്റിയും ഭരണസമിതിയും അംഗീകരിച്ചത്. മികച്ച ഗുണനിലവാരവും വിൽപനാനന്തര സേവനവും രാജധാനി ഏജൻസീസ് പാലക്കാട് ജില്ലയിലാണെന്ന കാര്യവും മുൻനിർത്തിയാണ് ഭരണസമിതി ഇപ്രകാരം തീരുമാനം എടുത്തത്. ടെണ്ടർ സ്പെസിഫിക്കേഷൻ തയ്യാറാക്കുന്ന സമയത്ത് ഗുണനിലവാരം ഉറപ്പുവരുത്തുന്ന സൂചകങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ടെണ്ടർ സ്ഥിരീകരിക്കുന്നതിനു മുമ്പ് സാംപിൾ വരുത്തി പരിശോധിച്ചില്ല. അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതിയിൽ 50 കട്ടിലുകൾ മാള ഐ.ടി.ഐ യിലെ ഉദ്യോഗസ്ഥൻ പരിശോധിച്ചതായ രേഖ ഫയലിലുണ്ട്. 18.11.17 ലെ 1 (3) തീരുമാനപ്രകാരം ഭരണസമിതി വാങ്ങൽ സാധൂകരിച്ചിട്ടുണ്ട്. 8.11.2010 ലെ ജി.ഒ.(പി) 259/2010 /തസ്വഭവ ഉത്തരവ് പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖ, 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിൽ നിർദ്ദേശിച്ച നടപടിക്രമങ്ങൾക്കനുസൃതമായി വാങ്ങൽ പ്രക്രിയയുടെ ഓരോഘട്ടത്തിലും സുതാര്യത ഉറപ്പുവരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

3)ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ

a) അങ്കണവാടികളുടെ പ്രവർത്തനം : പഞ്ചായത്തിൽ 27 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 1 എണ്ണം വാടകകെട്ടിടത്തിലാണ്. (നം.100). കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എൽ. എസ്.ജി.ഡി.

എഞ്ചിനിയർ എല്ലാ കെട്ടിടങ്ങളും അതതു വർഷം പരിശോധിച്ച് അറ്റകുറ്റ പണികൾ നടത്തിവരാറുള്ളതിനാൽ നിലവിൽ എല്ലാകെട്ടിടവും സുരക്ഷിതമാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. (ഓഡിറ്റ് അന്വേഷണം നം.20/15.10.18 നള്ള മറുപടി). എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എഞ്ചിനിയർ രേഖാമൂലം നൽകുന്നില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം സാംപിൾ പരിശോധിച്ചതിന്റെ റിപ്പോർട്ട് സമയബന്ധിതമായി ലഭിക്കുന്നില്ല. എല്ലാ അങ്കണവാടികൾക്കും ജലനിധി വാട്ടർകണക്ഷൻ എടുത്തിട്ടുള്ളതായും ആയത് ഉണ്ടെങ്കിലും 2,6,13,21,99,102 നമ്പർ അങ്കണവാടികളിൽ വേനലിൽ വെള്ളത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നതായി സൂപ്പർവൈസർ അറിയിച്ചു. പോഷകാഹാരം പദ്ധതിയിൽ 18,88,899 രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. 27 അങ്കണവാടികളിലായി 269 കുട്ടികളാണുള്ളത്. ഓരോ അങ്കണവാടിയിലും ശരാശരി 15 ൽ താഴെയാണ് എണ്ണം. അങ്കണവാടികളിൽ മുടങ്ങാതെ ഹാജരാകുന്ന കുട്ടികൾ, പോഷകാഹാരം ലഭിക്കുവാൻ അർഹതയുള്ളവരും അത് സ്വീകരിക്കാൻ തയ്യാറുള്ളവരുമായ മറ്റു വിഭാഗങ്ങൾ എന്നിവർക്കു മാത്രമേ അങ്കണവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യേണ്ടതുള്ളൂ എന്ന മാർഗ്ഗരേഖ നിർദ്ദേശം പ്രാവർത്തികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പോഷകാഹാര വിതരണവും പ്രവർത്തനവും ഫലപ്രദമാണ് എന്നുറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മിറ്റി,നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ ഉണ്ടാകണം. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

b) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായമായി 11,15,550 രൂപ വകയിരുത്തി ചെലവഴിച്ചു (പദ്ധതി നം. 94/18) ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭ ചേർന്നിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനായി ബഡ്സ് സ്കൂൾ /ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

4.വി. ഇ. ഒ കൊറ്റനെല്ലൂർ സർക്കിൾ നടപ്പാക്കിയ പദ്ധതികൾ- വിഭാവനം ചെയ്ത 10 പദ്ധതികളിൽ 5 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

ആകെ അടങ്കൽ തുക - 5076000

ചെലവ് - 1263195

1. 12/18 ആശ്രയ പദ്ധതി (ജനറൽ) സ്പിൽ ഓവർ. ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഭ്രരഹിതരായ ഗുണഭോക്താക്കൾ ലഭ്യമല്ലാത്തത് മൂലം പദ്ധതി നിർവ്വഹണം നടത്താൻ സാധിച്ചില്ലെന്ന് വി.ഇ.ഒ അറിയിച്ചു. (അടങ്കൽ തുക - 175000)

2. എസ്. സി. പി ഫണ്ട് വകയിരുത്തി തയ്യാറാക്കിയ ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ്(എസ്. സി) നടപ്പിലാക്കിയില്ല.

അടങ്കൽ തുക - 168750

പദ്ധതിക്കായി ടെണ്ടറും റീ ടെണ്ടറും നടത്തിയെങ്കിലും ശുചിത്വമിഷൻ നിബന്ധനകൾ കാരണം 2500 രൂപ യൂണിറ്റ് നിരക്കിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം നടത്തുന്നത് ലാഭകരമല്ല എന്ന കാരണത്താൽ ഏജൻസികൾ ടെണ്ടർ സമർപ്പിച്ചിട്ടില്ല.

b) ബയോഗ്യാസ് പ്ലാന്റ് (ജനറൽ)

152/18 – 756000 (അടങ്കൽ)

2018-19 ൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തി.

c) 193/18 വനിതാ ഗ്രൂപ്പിന് കാറ്ററിംഗ് യൂണിറ്റ് നടത്തുന്നതിന് സബ്സിഡി അനുവദിക്കുന്നതിനാണ് വിഭാവനം ചെയ്തത് .എന്നാൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വനിതാഗ്രൂപ്പുകൾ ബാക്ക് എൻഡ് സബ്സിഡി പ്രകാരമുള്ള ബാങ്ക് ലോൺ തരപ്പെടുത്തികരാർ വെക്കുന്നതിന് മുന്നോട്ട് വന്നില്ല. പ്രൊജക്ട് രൂപീകരണത്തിലെയും നിർവ്വഹണത്തിലേയും അപാകത മൂലമാണ് മേൽ വിവരിച്ച പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നത്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## **3-19** മരാമത്ത് പണികളുടെ നിർവ്വഹണം-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എൻജിനീയർ
ഗ്രാമപഞ്ചായത്തിലെ മരാമത്ത് പണികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

### 1.റോഡ് പണികൾക്കായി ബിറ്റുമിൻ, ഇമൽഷനുകൾ വാങ്ങി-ഗുണഭോക്തൃസമിതികൾ ഏറ്റുവാങ്ങുകയോ പ്രവൃത്തി നടത്തുകയോ ചെയ്തില്ല.

2016-17 വർഷം ആവിഷ്കരിച്ച് 2017-18 വർഷം സ്പിൽ ഓവർ ചെയ്ത 20 ഗുണഭോക്തൃസമിതി പ്രവൃത്തികൾക്കുവേണ്ടി m/s ഭാരത് പെട്രോളിയം കോർപറേഷനിൽനിന്നും 12,13,14/2/18,26/2/18തീയ്യതികളിലെ ഇൻവോയിസുകളിലായി വാങ്ങിയ 181 ബാരൽ VG-30 ഗ്രേഡ് ബിറ്റുമിൻ (28236 കി.ഗ്രാം) m/s ഹിന്ദുസ്ഥാൻ കോലസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 19ബാരൽ RS-1 ഇമൽഷനും 38 ബാരൽ SS-1 ഇമൽഷനും വാങ്ങിയിട്ടുണ്ട്, പക്ഷെ 13 പ്രവൃത്തികൾ മാത്രമേ 2017-18 വർഷം പൂർത്തിയായുള്ളൂ. ഗുണഭോക്തൃ സമിതികൾ ബിറ്റുമിനും ഇമൽഷനുകളും ഏറ്റുവാങ്ങാത്തതുമൂലം 7178kg, 1302kg, 948kg യഥാക്രമം ബിറ്റുമിൻ, SS-1 ഇമൽഷൻ, RS-1 ഇമൽഷൻ എന്നിവ ബാക്കി വന്നിരിക്കുകയാണ്. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്റ്റ് നം. | പ്രവൃത്തി | കൺവീനർ | കരാർ നം | കുറിപ്പ് |
|---|---|---|---|---|---|
| 1 | 43/18,180000 | നടവരമ്പ് സ്കൂൾ- മുകുന്ദപുരം പബ്ലിക് സ്കൂൾ ലിങ്ക് റോഡ് ടാറിങ് | സി.കെ പ്രദീപ് | 19/AE/VLK /16-17 /25/12/16 | ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ നം. 69/19/1/18 43047/- രൂപ |
| 2 | 49/18,125000 | നടവരമ്പ് പള്ളിനട റോഡ് ടാറിങ് | മനീഷ് തറയിൽ | 22/AE/VLK/ 16-17/25 /12/16 | 59/19/1/18 43369 രൂപ |
| 3 | 51/18,240000 | നടവരമ്പ് ഈസ്റ്റ് പാല റോഡ് ടാറിങ് | ജോൺസൺ പെരേപ്പാടൻ | 17/AE/VLK /16-17 /27/12/16 | 58/19/1/18 44123 രൂപ |
| 4 | 29/18,385000 | തെക്കുപുറം ബണ്ട് റോഡ് മെറ്റലിങ് ടാറിങ് | അഖിലാഷ് പതിശ്ശേരി | 7/AE/VLK /16-17/ 4/3/17 | 68/19/1/18 34098 രൂപ |
| 5 | 47/18,250000 | ചോമ്പാടം ടി | വി.കെ ശിവൻ | 25/AE/VLK /16-17 /26/12/16 | 65/19/1/18 54809 രൂപ |
| 6 | 30/18,200000 | കുന്നമേക്കാട് റോഡ് റീടാറിങ് | | | 70/19/1/18 41782/ രൂപ കരാർ ചമച്ചതിന്റെ വിവരങ്ങൾ ഫയലിലില്ല. |
| 7 | 48/18,450000 | കുറ്റപുഴ റോഡ് | | | 62/19/1/18 81796 രൂപ |

| | | | | | |
|---|---|---|---|---|---|
| | | റീടാറിങ് | | | |

ഗുണഭോക്തൃ സമിതിയുമായി ചമച്ച കരാറിലെ ഒന്നാം നിബന്ധനയനുസരിച്ച് പ്രവൃത്തി നിശ്ചിതസമയത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നാണ്. അഞ്ചാം നിബന്ധനയനുസരിച്ച് വ്യവസ്ഥകൾ ഏതെങ്കിലും ലംഘിച്ചാൽആയതിന് കമ്മിറ്റി അംഗങ്ങൾ വ്യക്തിപരമായും കൂട്ടായും ഉത്തരവാദികളായിരിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

2016-17 ൽ ആവിഷ്കരിച്ച് 2017-18 ൽ സ്പിൽ ഓവർ മുഴുവൻ ചെയ്യാൻ കഴിയാത്തത് മൂലം ഇപ്പോൾ പ്രവൃത്തികൾ ബാക്കിവന്ന അവസ്ഥ നിൽക്കുന്നു.

റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് മൂലം റോഡുകളുടെ അവസ്ഥ കൂടുതൽ മോശമാകുന്നതുകൊണ്ട് ആയത് പരിഹരിക്കുന്നതിനായി പിന്നീട് അധികച്ചെലവ് വരുത്തിവെക്കുന്നതാണ്.

മേൽ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും കരാർ ലംഘനം നടത്തിയവർക്കെതിരെ നടപടികളെടുക്കേണ്ടതുമാണ്.

## 2.ഗുണഭോക്തൃ സമിതി ഏറ്റെടുത്ത ഒരു പദ്ധതി 93.98% ഉം ചെയ്തത് കരാറുകാരൻ

പ്രൊജക്റ്റ് നം.18/18, വിവിധ അങ്കണവാടികളുടെ അറ്റകുറ്റപണി

അടങ്കൽ-450000, കൺവീനർ-പ്രസന്ന.ടി.എ, കോലോത്തുംപടി

കരാർ-91A/AE/VLK/16-17/10/5/17

അളവുപുസ്തകം-170/16-17

ബിൽ നം.25/17-18/27/9/17-450000

ഗ്രാമപഞ്ചായത്തിലെ 5,12,13,14,15,21,102നം. അങ്കണവാടികളുടെ അറ്റകുറ്റപണിക്കുവേണ്ടിയാണ് മേൽ തുക ചെലവഴിച്ചത്. ഫയൽ പരിശോധിച്ചപ്പോൾതാഴെ പറയുന്ന പ്രവൃത്തികളെല്ലാം കെ.കെ ഷാജി, KOTTATTY (H), പി.ഒ.പോട്ട എന്ന കരാറുകാരൻ ചെയ്തിട്ടുള്ളതായി കണ്ടു.

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | സ്റ്റീൽ വർക്ക് റൂഫിങ് | 315600 |
| 2 | ടൈൽ വിരിക്കൽ | 82500 |
| 3 | സാനിറ്ററി | 5200 |
| 4 | വാതിൽ,ജനൽ | 5500 |
| 5 | വൈറ്റ് വാഷിങ്,പെയിന്റിങ് | 7100 |
| 6 | ഇന്റർലോക്കിങ് കട്ടവിരിക്കൽ | 7000 |
| | ആകെ | 422900 |

ഈ പ്രവൃത്തിക്കായി ചമച്ചിട്ടുള്ള കരാറിലെ രണ്ടാം നിബന്ധനയനുസരിച്ച് പ്രവൃത്തി മുഴുവനായോ ഭാഗികമായോ യാതൊരു കരാറുകാരനെയും ഏൽപിക്കുകയില്ല എന്നാണ്. ഫയലിലെ രേഖകൾ പ്രകാരം ഈ നിബന്ധന ലംഘിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തിക്കായി ചമച്ച കരാറിൽ പ്രസന്ന.ടി.എ, വിദ്യ.എ.വി. എന്നിവരൊഴികെ ആരും ഒപ്പിട്ടിട്ടില്ല. ഇത് അഞ്ചാം നിബന്ധനയുടെ ലംഘനമാണ്.

2.ഗുണഭോക്തൃ സമിതി കൺവീനറുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ട് പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല.

3.കൺവീനറുടെ കണക്കുപുസ്തകം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കരാർ ലംഘനം നടത്തിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3.എം.എൽ.എ.പ്രത്യേകവികസനഫണ്ട് ഉപയോഗിച്ചുള്ള പണി-ഭരണാനുമതി ലഭിക്കും മുമ്പേ പൂർത്തീകരിച്ചു.

ഭരണാനുമതി-ജില്ലാ കലക്ടറുടെ 11/3/17ലെFNG-218/99/15/IJK നം. ഉത്തരവ്

അടങ്കൽ-190000

കൺവീനർ-ജോസ്, തൊമ്മാന ഹൗസ്, അവിട്ടത്തൂർ

അളവുപുസ്തകം-51/15-16, പ്രവൃത്തി പൂർത്തീകരണം-17/5/16

ചെക്ക് നം.9757442/17/5/18-181038/-
9757443/17/5/18-8962/-

നി.ഉദ്യോഗസ്ഥൻ-ഗ്രാമപഞ്ചായത്ത് സെക്രട്ടറി

തൃശ്ശൂർ ജില്ലാ കലക്ടറുടെ കാര്യാലയത്തിലെ ഫിനാൻസ് ഓഫീസറുടെ FN9/2015/21898/13/20/4/15നം.ഉത്തരവിൽ മേൽപറഞ്ഞ പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി, സാങ്കേതികാനുമതി ലഭ്യമാക്കിസമർപ്പിക്കുവാൻ നിർദേശിച്ചിരുന്നു. ഭരണാനുമതി ലഭിക്കും മുമ്പേ പ്രവൃത്തി തുടങ്ങരുതെന്ന് ആ ഉത്തരവിൽ നിർദേശിച്ചിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി രേഖകൾ ജില്ലാ കലക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയപ്പോഴാണ് ഭരണാനുമതി ലഭിച്ചിരുന്നില്ല എന്ന വിവരം അറിയുന്നത്. 20/4/15 ലെ ഉത്തരവ് ഭരണാനുമതി എന്ന ധാരണയിൽ ആണ് തുടർനടപടികളെടുത്തത്.

ഇത് മൂലം പ്രവൃത്തി പൂർത്തീകരിച്ച് ഒരുവർഷമെടുത്താണ് കൺവീനർക്കുള്ള തുക നൽകുവാൻ കഴിഞ്ഞത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നവർക്ക് തുക ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യം ഉണ്ടാവുന്നത് ശരിയായ നടപടിയല്ല. ഈ അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 4.വിവിധ വാർഡുകളിൽ കുഴൽകിണർ സ്ഥാപിക്കലും പൈപ്പ് ലൈൻ ഇടലും-ടെൻഡർ തുടർ നടപടികളിൽ അപാകത

അടങ്കൽ-പത്ത് ലക്ഷം രൂപ,കരാറുകാരൻ-ടി.എച്ച്.അബ്ദുൾകാദർ

കരാർ-31/AE/VLK/17-18/15/1/18

മേൽ പ്രവൃത്തിക്ക് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ഒരു കരാറുകാരൻ മാത്രമേ 22/12/17ന് ഇ-ടെണ്ടർ സമർപ്പിച്ചിട്ടുള്ളൂ. കുഴൽകിണർകുഴിക്കുന്ന ഇനങ്ങളുടെ തുക 305183 രൂപ മാത്രമേ രേഖപ്പെടുത്തിയിരുന്നുള്ളൂ. മോട്ടോർ പമ്പ്സെറ്റ്, പമ്പ് ഹൗസ് സ്ഥാപിക്കൽ, പവർ അലോക്കേഷൻ നികുതി വിഹിതങ്ങൾ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. അടങ്കലിൽ ഈ ഇനങ്ങൾക്ക് ഉൾപെടുത്തിയ 292552 രൂപയേക്കാൾ ഉയർന്ന തുകയാണ് ഇവിടെ കരാറുകാരൻ രേഖപ്പെടുത്തിയിരുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (മുനിസിപ്പാലിറ്റി) പൊതുമരാമത്ത്നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 11(1)അനുസരിച്ച് ന്യായമായ ടെൻഡറുകൾ ലഭിച്ചില്ല എങ്കിൽ റീടെൻഡർ ചെയ്യേണ്ടതാണ്. എന്നാൽ 1(2)/23/12/17 നം. ഭരണ സമിതി തീരുമാനപ്രകാരം കരാറുകാരനെ നെഗോഷിയേഷന് വിളിക്കുകയും 7(1)/9/1/18നം.തീരുമാനപ്രകാരം കരാറുകാരന്റെ 849183 രൂപയുടെ നിരക്ക് അംഗീകരിക്കുകയും ചെയ്തു. (നിരക്ക് രേഖപ്പടുത്തിയതിന്റെ രേഖ ഫയലില്ലായിരുന്നു) എന്നാൽ കരാറുകാരന് ടെൻഡറിൽ രേഖപ്പെടുത്തിയ നിരക്ക് 305183 രൂപ മാത്രമാണെന്ന് പിന്നീട് കണ്ടെത്തുകയും ബാക്കി വന്ന തുകയായ വിഹിതങ്ങൾ ഒഴികെയുള്ള 564000 രൂപക്ക് 1(8)/11/6/18നം. തീരുമാനപ്രകാരം ക്വട്ടേഷൻ ക്ഷണിക്കാനുമാണ് നിശ്ചയിച്ചത്. തുടർന്ന് നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിലില്ല.

ശരിയായ രീതിയിലുള്ള നടപടിക്രമങ്ങളല്ല ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 5.എം.എൽ.എ ജില്ലാ പഞ്ചായത്ത് ഫണ്ട് റോഡുകൾ കേടുവന്നത് -വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8(1)/11/8/17നം.പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ ഈ വർഷം എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള എല്ലാ

ടാറിങ് പ്രവൃത്തികളും കേടുവന്നതായും ബിൽ തുക നൽകാൻ കഴിയാത്ത അവസ്ഥയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഐക്കരക്കുന്ന് റോഡ് ചെങ്ങാറ്റുമുറി റോഡ് എന്നിവയെ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ 15/12/10/18 നം. എൻക്വയറിക്ക് അസി. എൻജിനീയർ നൽകിയ മറുപടിയിൽ ഐക്കരക്കുന്ന് റോഡ് ജില്ലാ പഞ്ചായത്ത് റോഡ് എന്നാണെന്നും അപാകതകൾ പരിഹരിച്ച ശേഷമാണ് ബിൽതുക നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെന്നും സൂചിപ്പിച്ചിട്ടുണ്ട്. ചെങ്ങാറ്റുമുറി റോഡിനെപ്പറ്റി വിശദീകരണം നൽകിയിട്ടില്ല. ഈ റോഡ് ഗ്രാമപഞ്ചായത്ത് ആണോ ബ്ലോക്ക് പഞ്ചായത്ത് ആണോ ഏറ്റെടുത്ത് നടത്തിയതെന്നതിന് വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 6.പ്രാഥമികാരോഗ്യം കേന്ദ്രം കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ബിറ്റുമിൻ,ഇമൽഷനുകൾ-സ്റ്റോക്കെടുപ്പ് നടത്താൻ കഴിഞ്ഞില്ല.

അസി.എൻജിനീയർ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 310.100 ബാരൽ VG-30 ബിറ്റുമിൻ, 47.15 ബാരൽ SS-1ഇമൽഷൻ 31.21 ബാരൽ RS-1ഇമൽഷൻ എന്നിവ ബാക്കിയുള്ളത് പ്രാഥമികാരോഗ്യകേന്ദ്രം കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവ ഇടകലർത്തിയാണ് സൂക്ഷിച്ചിട്ടുള്ളത് എന്നതിനാലും ടി സ്ഥലത്ത് ധാരാളം പുല്ലുകൾ വളർന്ന് നിന്നതിനാലും ഇവ എണ്ണിത്തിട്ടപ്പെടുത്തുവാൻകഴിഞ്ഞില്ല. ഇവ ഉപയോഗിക്കുന്നതിന് മുമ്പേതന്നെ സ്ഥലം വൃത്തിയാക്കി എണ്ണം ഉറപ്പുവരുത്തേണ്ടതാണ്.

## 3-20 ആശ്രയ പദ്ധതി -അവലോകനം

ഒന്നാംഘട്ട ആശ്രയ പദ്ധതി 2005 മുതൽ നടപ്പിലാക്കുകയും ആയതിന്റെ റീ വിസിറ്റ് 2010 മുതൽ തുടങ്ങുകയും ചെയ്തു. 2016 ൽ രണ്ടാം ഘട്ട ആശ്രയ പദ്ധതി നടപ്പിൽ വരുത്തുകയും ഇപ്പോഴും തുടർന്നുകൊണ്ടുപോകുകയും ചെയ്യുന്നു. 13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ -മാർഗ്ഗനിർദ്ദേശങ്ങൾ ജി. ഒ.(എം.എസ്) നം 72/17 /തസ്വഭവ തിയ്യതി 29.3.17 അനുബന്ധം 4 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും അഗതി കുടുംബങ്ങൾക്കു വേണ്ടി ആശ്രയ പ്രൊജക്ട് തയ്യാറാക്കണം. ആശ്രയ പ്രൊജക്ട് ഫീൽഡ് തല സർവ്വേ നടത്തി (ആശ്രയ 1,2 ഉൾപ്പെടുത്തികൊണ്ട്) പരാതി പുന:പരിശോധന കഴിഞ്ഞ് അന്തിമ ലിസ്റ്റ് പ്രത്യേക ഗ്രാമസഭ അംഗീകരിക്കുകയും മെഡിക്കൽ ക്യാമ്പ് 6.10.18 തിയതിയിൽ നടത്തി പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രാഥമിക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർസേവനത്തിന് 5,00,000 രൂപ (ചെക്ക് നം.7498269/24.11.2017) സി ഡി എസ് ചെയർപേഴ്സന് കൈമാറിയിട്ടുണ്ട്. സ.ഉ.(എം.എസ്)നം.252/2017/തസ്വഭവ 12.12.2017-അഗതി രഹിത കേരളം- മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ജലസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയില്ല.

2017-18 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച പൊതു വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2017-18 വർഷത്തെ മൊത്തം അടങ്കൽ | 6,30,74,400 |
| 2 | 2017-18 വർഷത്തെ മുൻ ബാക്കി | 14,153 |
| 3 | 2017-18 വർഷത്തെ ആകെ വരവ് | Work:89,84,619<br>admn:10,00,459 |
| 4 | 2017-18 വർഷത്തെ ആകെ ചെലവ് | Work:89,84,619<br>admn:10,09,213 |
| 5 | 2017-18 വർഷത്തെ വാർഷാന്ത്യ നീക്കിയിരിപ്പ് | 5,399 |

| | | |
|---|---|---|
| 6 | 2017-18 വർഷത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 753 |
| 7 | 2017-18 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 198 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 2,576 |
| 9 | 2017-18 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 28,297 |

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 25,880 | 2,417, | 28,297 |

| പട്ടിക ജാതി | | | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
|---|---|---|---|---|---|
| 15,740 | | | 342 | 12,215 | 28,297 |
| 10 | 2017-18 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 520 | | | |
| 11 | 2017-18 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 65 | | | |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല | | | |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത വേതനം | 74.35 ലക്ഷം | | | |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2017ൽ വിതരണം ചെയ്യാൻ കുടിശികയുള്ള വേതനം | 0.07 ലക്ഷം | | | |
| 15 | 2017-18 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | 80 IHHL<br>14 KIOSK | | | |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ-പരിശോധനാ റിപ്പോർട്ട് ചർച്ച ചെയ്യാൻ പ്രത്യേക ഗ്രാമസഭ കൂടിയതിന്റെ വിവരം | നടത്തിയിട്ടുണ്ട് | | | |

| ക്രമനം | പദ്ധതികൾ ഉൾപെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | | |
| 2 | വരൾച്ച തടയൽ, വനവത്കരണം | 20 | 5,45,814 |
| 3 | ചെറുകിട ജലസേചനം | | |
| 4 | പട്ടികജാതി / പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 81 | 50,46,352 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 29 | 16,39,000 |
| 5(a) | കിണർ റി ചാർജ്ജ് നടത്തിയതിന്റെ വിവരം | ഇല്ല. | ഇല്ല. |
| 6 | ഭൂവികസനം | 2 | 62,674 |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | ഇല്ല. | ഇല്ല |
| 8 | മറ്റുള്ളവ | 94 | 16,90,774 |
| 9 | ആകെ | 226* | 89,84,619 |

*തുടങ്ങിയ പ്രവർത്തികൾ 226, പൂർത്തിയാക്കിയവ 198, സ്പിൽ ഓവർ 28

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) നം.161/16 /തസ്വഭവ തീ.09.11.16-പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ വിവിധ വാർഡുകളിലായി 88 കിണർ റീചാർജ് പ്രവൃത്തികൾ പ്ലാൻ ചെയ്തിരുന്നെങ്കിലും ഒന്നും നടപ്പാക്കിയില്ല. ഗ്രാമ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 2,00,000രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യം പരിഗണിച്ച് കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 114000 | ക്ഷീരകർഷകർക്ക് പാലിന് | 114000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം 2017-18 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം 2017-18 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 178000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 178000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | നെൽക്കൃഷിക്ക് കൂലിചെലവ് സബ്സിഡി | 200000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21701080/26.12.2017 | 983710 | 0 | 983710 |
| കെ.എസ്.ഇ.ബി | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21701081/26.12.2017 | 112617 | 0 | 112617 |
| കെ.എസ്.ഇ.ബി | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 21701082/26.12.2017 | 88003 | 0 | 88003 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇഎംഎസ് ലോൺ | 943/12 തീയതി 29.03.2012 | 6507500 | 1515000 | 825000 | 0 | 690000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0/- |
| ആകെ | 20000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | അവിട്ടത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 30.05.2017 | 23 മാസം | 20000/- | |
| ആകെ | | | | 20000/- | |

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ 5970രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3--3 | 2046/- | V.E.O. (J.J.Enterprises) | 117020102506, Dt.19.09.2017 |
| 2016-17 | 2-9(1) | 2500/- | President, Thumbur Co-Op Soceity | 117020106024, Dt.31.01.2018 |
| 2016-17 | 3--10 | 965/- | Sajan C.L., Elson Printers | 117020106447, Dt.19.02.2018 |
| 2016-17 | 2--5 | 40/- | Manoop & Anoop, Thayyil | 117020108259, Dt.27.03.2018 |

| | | | | |
|---|---|---|---|---|
| 2016-17 | 2--5 | 250/- | Joji Paul, Kokkatt | 117020102723, Dt.27.09.2017 |
| 2016-17 | 2--5 | 169/- | Roby Thomas, Payyappilly | 117020103812, Dt.16.11.2017 |
| | | 5970 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ലഭ്യമായില്ല.

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരങ്ങൾ ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരങ്ങൾ ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62404987 (R&P പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59044656 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 36755 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7381 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3101156 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 9743 | | കെ.എഫ് ആന്റണി, സെക്രട്ടറി |
| 2-11 | 1270 | | കെ.എഫ് ആന്റണി, സെക്രട്ടറി |
| 2-10 | 25742 | | കെ.എഫ് ആന്റണി, സെക്രട്ടറി |
| 3-7 | | 7381 | ശ്രീ. തോമസ്.P.O, കൃഷി ഓഫീസർ |
| ആകെ | 36755 | 7381 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 198000 | ശ്രീ. കെ.എഫ് ആന്റണി, സെക്രട്ടറി |

| | | |
|---|---|---|
| 3-3 | 1339990 | ശ്രീ. കെ.എഫ് ആന്റണി, സെക്രട്ടറി |
| 3-10 | 200000 | ശ്രീ. തോമസ്. പി.ഒ, കൃഷി ഓഫീസർ |
| 3-18 (1) | 1200000 | ശ്രീമതി. രജനി. എം.കെ, അസി.സെക്രട്ടറി |
| 3-13 | 74430 | മരിയ സ്റ്റെല്ല പി.എഫ്,ഹെഡ്മിസ്റ്റസ് |
| 3-17 | 88736 | മരിയ സ്റ്റെല്ല പി.എഫ്, ഹെഡ്മിസ്റ്റസ് |
| ആകെ | 3101156 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുകളുടെ പേര് |
|---|---|---|
| 2-10 | 1225(LC) | ശ്രീ.കെ.എഫ് ആന്റണി, സെക്രട്ടറി |
| 2-11 | 61രൂപ(LC) | ശ്രീ.കെ.എഫ് ആന്റണി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.എഫ് ആന്റണി, സെക്രട്ടറി | സെക്രട്ടറി, വേളൂക്കര ഗ്രാമപഞ്ചായത്ത് | കെ.എഫ് ആന്റണി, കുളിയത്ത് ഹൗസ്, കോട്ടപ്പുറം |
| ശ്രീ. തോമസ്. പി.ഒ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, വേളൂക്കര കൃഷി ഭവൻ | ശ്രീ. തോമസ്.പി.ഒ പ്ലാശ്ശേരി വീട്, മേലഡൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ടി.എസ്.2-1391/11/ തിയതി 26.07.2011/ 23.10.2011 |
| 71-72 | |
| 72-73 | |
| 73-74 | |
| 74-75 | |
| 75-76 | |
| 76-77 | |
| 77-78 | |

| | |
|---|---|
| 80-81 | |
| 81-82 | |
| 82-83 | |
| 83-84 | |
| 85-86 | |
| 86-87,<br>87-88 | |
| 88-89 | |
| 89-90 | |
| 90-91 | |
| 91-92 | |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-1391/11<br>/തിയതി26.07.2011/23.10.2011 |
| 96-97 | എൽ.എഫ്.ടി.12-340/98/15.12.1998 |
| 97-98 | എൽ.എഫ്.ടി.9-815/99/12.01.2000 |
| 98-99 | എൽ.എഫ്.ടി.9-599/2000/02.09.2000 |
| 99-00 | എൽ.എഫ്.ടി.9-478/01/06.07.2001 |
| 2000-01 | എൽ.എഫ്.ടി.9-898/02/08.03.2002/31.03.2003 |
| 01-02 | എൽ.എഫ്.ടി.9-898/02/08.03.2002/31.03.2003 |
| 02-03 | എൽ.എഫ്.ടി.(പി.1)-493/12/29.02.2012<br>/28.03.2012 |
| 03-04 | എൽ.എഫ്.ടി.9-1447/05/11.01.2006/25.05.2006 |
| 04-05 | എൽ.എഫ്.ടി.9-1678/08/26.08.2010 |
| 05-06 | എൽ.എഫ്.ടി.9-1679/08/28.08.2010/12.11.2010 |
| 06-07 | എൽ.എഫ്.ടി.9-638/10/15.12.2010/01.08.2011 |
| 07-08 | എൽ.എഫ്.ടി.പി.2- 576/12/22.09.2012<br>/28.11.2012 |
| 08-09 | എൽ.എഫ്.ടി.പി.-577/12/03.09.2012<br>/28.11.2012 |
| 09-10 | എൽ.എഫ്.ടി.പി.2-578/12/04.09.2012<br>/28.11.2012 |
| 10-11 | എൽ.എഫ്.ടി.പി.2-579/12/04.09.2012<br>/28.11.2012 |
| 11-12 | എൽ.എഫ്.ടി.പി.1-894/2013/02.01.04 |
| 12-13 | എൽ.എഫ്.ടി.(പി.1)-1027/14 /04.02.14/1.04.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി1)194/16<br>/18.2.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി1)1226/16,24.7.16<br>/30.7.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(പി1)2148/16,31.1.17/<br>13.2.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(പി1) 1518/2017<br>/തി.30.11.17/16.12.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# **അനുബന്ധം 1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ./പി11-1777/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ-20

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 16.01.19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 2

## ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ